സെന്റ് തോമസ് കോളജ് പാലാ ഓട്ടോണമസ്
അരുണാപുരം പി.ഒ., കോട്ടയം 686 574

June 2025
Vol. 1 Issue 4 pages 52-65

പാലൈ
PALAI பாலை
ISSN No: 3049-0316

# കഥാപാത്ര സമീക്ഷ: നളചരിതം ആട്ടക്കഥ, നളചരിതം തുള്ളൽ എന്നിവയെ ആധാരമാക്കി ഒരു താരതമ്യവിശകലനം



ഡോ. ഗണേശൻ വി.*

**സംഗ്രഹം**

സാഹിത്യകാരന്റെ വീക്ഷണത്തിനനുസൃതമായി, അയാളുടെ പ്രത്യയശാസ്ത്രപരമായ ആഭിമുഖ്യങ്ങളെ പ്രകാശിപ്പിക്കാനുതകും വിധം യഥാർത്ഥമോ, ആനുഭവികമോ, ഭാവനാപരമോ ആയ ഒരു ഇതിവൃത്തമണ്ഡലത്തെ സൃഷ്ടിക്കാനോ പുനരവതരിപ്പിക്കാനോ വേണ്ടി സാഹിത്യകാരൻ രൂപപ്പെടുത്തുന്ന സാന്ദർഭിക കരുക്കളാണ് കഥാപാത്രങ്ങൾ. ഈ കരുക്കളുടെ വികാസവും സങ്കോചവും നിലകൊള്ളുന്നത് സാഹിത്യകാരന്റെ സാമൂഹികമായ അനുഭവങ്ങളുടെയും ബന്ധങ്ങളുടെയും പരിധിക്കുള്ളിലാണ്. ഇപ്രകാരം, കുഞ്ചൻ നമ്പ്യാരും ഉണ്ണായിവാരിയരും തങ്ങളുടെ കഥാപാത്രങ്ങൾ മുഖേന നിർവഹിച്ച ദൗത്യം കാലഘട്ടത്തെ നവീകരിക്കുകയെന്നതാണ്. അതു സംബന്ധിച്ച പഠനമാണ് ഇവിടെ ഉദ്ദേശിക്കുന്നത്.

**താക്കോൽ വാക്കുകൾ:** പ്രത്യയശാസ്ത്രം - ജനപ്രിയത - സാമൂഹികപ്രതിബദ്ധത - ഉപരിവർഗ്ഗം - വരേണ്യകല - ഫ്യൂഡൽകാലഘട്ടം - സവർണ്ണത - ഉച്ചനീചത്വം - സാമൂഹികബോധം - ഇതിവൃത്തം.

മലയാളകാവ്യവ്യവഹാരങ്ങളുടെ വളർച്ചാദശയിൽ വ്യത്യസ്ത ഭാഷാസാഹിത്യസമീപനങ്ങളാലും കലാസംബന്ധത്താലും സ്വാധീനം ചെലുത്തിയ കാവ്യരചയിതാക്കളാണ് ഉണ്ണായിവാരിയരും കുഞ്ചൻനമ്പ്യാരും. നളകഥയെ പ്രമേയമാക്കി ഇരുവരും രചിച്ച കൃതികളെ അപഗ്രഥിക്കുകയാണ് ഈ പ്രബന്ധത്തിൽ. കാവ്യപ്രമേയങ്ങളെ ജനകീയമാക്കുന്നതിലും സാമൂഹികപ്രതിബദ്ധതയുറ്റ സമീപനം കൈക്കൊള്ളുന്നതിലും മാത്രമല്ല, കഥാപാത്രങ്ങളെ തങ്ങളുടെ ആശയങ്ങൾ വഹിക്കുന്ന പ്രത്യയശാസ്ത്രപരമായ കരുക്കളാക്കി രൂപാന്തരപ്പെടുത്താനും അവർക്കു സാധിച്ചിട്ടുണ്ട്.

* അസിസ്റ്റന്റ് പ്രൊഫസർ, മലയാളവിഭാഗം, കെ.എം.എം. ഗവ. വനിതാകോളേജ്, കണ്ണൂർ.
Ph: 8848672705. Email: ganeshanmalayalam@gmail.com

ISSN No: 3049-0316


## കഥാപാത്രസമീക്ഷ – നളചരിതം ആട്ടക്കഥയിൽ

മഹാഭാരതം ആരണ്യപർവ്വത്തിലെ നൈഷധോപാഖ്യാനമാണ് (52 മുതൽ 79 വരെയുള്ള ഇരുപത്തിയെട്ട് അദ്ധ്യായങ്ങളിലെ 1034 ശ്ലോകങ്ങളിൽ) നളചരിതത്തിന്റെ പലവിധ ആഖ്യാനരൂപങ്ങൾക്ക് കാരണഭൂതമായത്. അത്തരം ആഖ്യാനരൂപങ്ങളിലൊന്നായ നളചരിതം ആട്ടക്കഥയിൽ അക്കാലത്തെ പതിവിൽ നിന്നും വേറിട്ട ആഖ്യാനസമീപനവും കഥാപരിചരണവുമാണ് രചയിതാവായ ഉണ്ണായിവാരിയർ സ്വീകരിച്ചത്. യുദ്ധ-ശൃംഗാരവർണ്ണനകളിൽ ബദ്ധശ്രദ്ധമായിരുന്ന ആട്ടക്കഥാസാഹിത്യത്തിന് ധാർമ്മികോദ്ബോധനമെന്ന ലക്ഷ്യം പകർന്നത് നളചരിതം ആട്ടക്കഥയാണ്. സ്വച്ഛമായ പ്രണയത്തിന്റെയും ജീവിതപ്രതിസന്ധികളിൽ തളരാത്ത ആദർശത്തിന്റെയും ദൃശ്യസാക്ഷാത്കാരമാണ് നളചരിതം ആട്ടക്കഥ. പ്രസ്തുതകൃതിയുടെ ആഖ്യാനപരമായ സവിശേഷതകൾ മുൻനിർത്തി നാടകത്തിന്റെ സ്വഭാവവിശേഷങ്ങളോട് അവ ഒത്തിണങ്ങുന്നുവെന്ന് നിരൂപകർ പ്രശംസിച്ചിട്ടുണ്ട്. കേരളശാകുന്തളം എന്ന് പ്രകീർത്തിക്കപ്പെട്ടിട്ടുമുണ്ട്. നിലവിലുണ്ടായിരുന്ന ആട്ടക്കഥാരചനാപദ്ധതികളെ അതു പരിഷ്കരിക്കുകയും അവയെ കൂടുതൽ മാനവികമാക്കാനുള്ള പാത തുറക്കുകയും ചെയ്തു. ജീവിതഗന്ധിയായ രംഗങ്ങളും സംഭാഷണവും നാടകീയമുഹൂർത്തങ്ങളും നളചരിതത്തെ അനന്യമാക്കുന്നു. സാഹിത്യം, സംഗീതം, അഭിനയം എന്നീ മൂന്നുതലങ്ങളും ഒത്തിണങ്ങുമ്പോഴാണ് ആട്ടക്കഥ സവിശേഷമാകുന്നത്. ഇവയ്ക്ക് ഒരുപോലെ പ്രാധാന്യം നല്കുന്ന നളചരിതം, കഥകളിയെ സംബന്ധിക്കുന്ന മൗലികവും ഗതാനുഗതികവുമായ ചിന്തകളെ പരിഷ്കരിക്കുന്നതിൽ വലിയ പങ്കാണ് നിർവഹിച്ചിട്ടുള്ളത്.

കഥകളിയെ ഉപരിവർഗ്ഗത്തിന്റെ കലയായി വീക്ഷിക്കുന്നവരുണ്ട്. അദ്ധ്വാനിക്കുന്ന ബഹുഭൂരിപക്ഷം സാധാരണീയരും ഉച്ചനീചത്വത്തിന് വിധേയരും നിരക്ഷരകുക്ഷികളുമായിരുന്ന കാലഘട്ടത്തിൽ സവർണ്ണഗൃഹങ്ങളിൽ മാത്രം അരങ്ങേറുന്ന വരേണ്യകലയായി അതറിയപ്പെട്ടു. സവർണ്ണപുരുഷരോടു മാത്രം സംവദിക്കുന്ന കലയെന്നു പരാമർശിതമായി. കഥകളിയാസ്വാദനത്തിന് വരേണ്യതയും ധനവും പാണ്ഡിത്യവും അനിവാര്യമാണെന്ന ചിന്തയാകാം ഇതിനു പിന്നിൽ. ആട്ടക്കഥാസാഹിത്യത്തിന് സംസ്കൃതഭാഷയോടുള്ള ആധമർണ്ണ്യവും, കഥകളിസങ്കേതങ്ങളും (ചിട്ടകളും മുദ്രകളും) അത്തരമൊരു പ്രതീതി സൃഷ്ടിച്ചതിൽ അത്ഭുതമില്ല. ഇരുപതാംനൂറ്റാണ്ടിൽ വള്ളത്തോൾ നാരായണമേനോന്റെ പ്രോത്സാഹനത്തിലും പ്രവൃത്ത്യുന്മുഖ ഇടപെടലുകൾക്കുമൊപ്പം കലാസമിതികളും ഗ്രന്ഥശാലകളും സമൂഹത്തിൽ പ്രചരിച്ചതും കല എല്ലാവരുടേതുമാണെന്ന ബോധമുളവായതും കഥകളിയെ ജനകീയമാക്കാൻ സഹായിച്ചിട്ടുണ്ട്. ഇതിഹാസങ്ങളിൽ നിന്നും പുരാണങ്ങളിൽ നിന്നും കണ്ടെത്തുന്ന ഇതിവൃത്തസാമഗ്രികൾ സംസ്കരിച്ച് അവശ്യ മനോധർമ്മങ്ങൾ കൂട്ടിച്ചേർത്തും മാറ്റങ്ങൾ വരുത്തിയുമാണ് ആടാനുള്ള പരുവത്തിലാക്കുന്നത്. ചില സന്ദർഭങ്ങളിൽ സാഹിത്യത്തിന്റെ പ്രാധാന്യം വിസ്മരിക്കപ്പെടാറുണ്ട്. ആട്ടക്കഥകളിലെ പ്രമേയം ഭൂരിഭാഗവും അധർമ്മനാശത്തെ കേന്ദ്രമാക്കുന്നവയോ ധർമ്മസംസ്ഥാപനത്തിനു മുൻഗണന നല്കുന്നവയോ ആണ്. ആട്ടക്കഥാപ്രേമികളോ കഥകളിപ്രേക്ഷകരോ ആയ വരേണ്യയുവതയിൽ അധർമ്മവിരുദ്ധവും പുരോഗമനപരവുമായ ചിന്തയുളവാക്കുന്നതിൽ പ്രസ്തുത സാഹിത്യവും കലയും ചെറുതല്ലാത്ത പങ്കുവഹിച്ചിട്ടുണ്ടെന്ന് സാരം. പുരോഗമനപരമായ ചിന്തകളും പ്രവർത്തനങ്ങളും സമൂഹത്തിൽ വ്യാപിക്കാൻ അതു കാരണമായിട്ടുണ്ട്. അതിനാൽ കഥകളിയെന്ന കലയുടെയും അതിന്റെ സാഹിത്യത്തിന്റെയും സാമൂഹികപ്രാധാന്യം തള്ളിക്കളയാവുന്നതല്ല.

നളചരിതം ആട്ടക്കഥ ഉപജീവിക്കുന്ന മഹാഭാരതം വനപർവ്വത്തിലെ നളോപാഖ്യാനം യുധിഷ്ഠിരനും ഭീമനും തമ്മിലുള്ള സംവാദഫലമാണ്. പാണ്ഡവരോടു കൗരവർ കാട്ടിയ അധർമ്മങ്ങൾ ഭീമൻ എണ്ണിയെണ്ണിപ്പറയുന്നു. തങ്ങൾക്ക് ഈ ദുഃസ്ഥിതി വരുത്തിയത് യുധിഷ്ഠിരന്റെ ചൂതുഭ്രമമാണെന്ന് ഭീമൻ കുറ്റപ്പെടുത്തുന്നു. വഞ്ചകരെ വഞ്ചനയാൽതന്നെ നേരിടണം. സാഹചര്യവശാൽ തളർന്നിരിക്കുന്ന യുധിഷ്ഠിരന് ഈ കുറ്റപ്പെടുത്തൽ അസഹ്യമാകുന്നു. പാപകരമായ വഞ്ചന കൂടാതെ തന്നെ രാജ്യം കരഗതമാകുമെന്ന് സമാധാനിക്കാനേ അദ്ദേഹത്തിന് സാധിക്കുന്നുള്ളൂ. അപ്പോൾ അവിടെയെത്തിയ ബൃഹദശ്വമഹർഷിയോട് തന്റെ ദുഃഖഹേതു യുധിഷ്ഠിരൻ വെളിപ്പെടുത്തി. തന്നെപ്പോലെ ഭാഗ്യഹീനനായ ഒരുവന് ഈ ലോകത്ത് എവിടെയെങ്കിലും എപ്പോഴെങ്കിലും ഉണ്ടായിട്ടുണ്ടോ എന്ന യുധിഷ്ഠിരന്റെ

 ISSN No: 3049-0316 

ചോദ്യത്തിന്, നളനുണ്ടെന്ന് ഋഷി പ്രതിവചിച്ചു. യുധിഷ്ഠിരന് ഉടൻ നളകഥ കേൾക്കണമെന്നായി. അങ്ങനെ ബൃഹദശ്വമുനി നളകഥ വിസ്തരിച്ചു പറഞ്ഞുകേൾപ്പിച്ചു. രാജാവായിരുന്ന നളനും യുധിഷ്ഠിരനെപ്പോലെ ചൂതിന്റെ വശീകരണത്താൽ വലഞ്ഞവനും രാജ്യം നഷ്ടപ്പെട്ടനും സഹധർമ്മിണിയെ കൈവെടിയേണ്ടി വന്നവനുമാണ്. ദുർഘടമായ ജീവിതസാഹചര്യങ്ങളെ അഭിമുഖീകരിച്ച നളൻ ത്യാഗസന്നദ്ധതകൊണ്ടും ദയാവായ്പുകൊണ്ടും അവസാനം വിജയം വരിക്കുന്നു. വരേണ്യപരിസരമുള്ള ഉത്കൃഷ്ടചിന്തകളും സദാചാരവും സമൂഹത്തിൽ നിലനില്ക്കണമെന്നാഗ്രഹിച്ച ഒരു ഉപരിവർഗ്ഗസമൂഹത്തെയാണ് നളചരിതം ആട്ടക്കഥ ആവിഷ്കരിക്കുന്നത്.

മഹാഭാരതത്തിലെ നളകഥ നിഷധരാജാവായ നളന്റെയും കുണ്ഡിനരാജകുമാരിയായ ദമയന്തിയുടെയും അനുരാഗതീവ്രതയെയും പ്രതിബന്ധങ്ങൾ മറികടന്നുകൊണ്ടുള്ള പ്രണയ സാക്ഷാത്കാരത്തേയും അവതരിപ്പിക്കുന്നു. കലിബാധയാൽ രാജ്യവും അധികാരവും നഷ്ടമായ നളൻ വനാന്തരത്തിലേക്ക് പലായനം ചെയ്തു. അദ്ദേഹത്തിന്റെ ഉടുതുണിപോലും അപഹരിക്കപ്പെട്ടു. മതിഭ്രമം ബാധിച്ച നളൻ ദമയന്തിയെ വനത്തിലുപേക്ഷിച്ചു. ദമയന്തിയാകട്ടെ, സമീപസ്ഥവിപത്തുകളെ തന്റേടത്തോടെ നേരിട്ടു; കാമാന്ധനായ കാട്ടാളനെ ഭസ്മമാക്കി. നളനു കാർക്കോടകദംശത്താൽ രൂപമാറ്റമുണ്ടാവുകയും ബാഹുകനെന്ന പേരിൽ അയോദ്ധ്യയിലെ രാജാവായ ഋതുപർണ്ണന്റെ സാരഥിയാവുകയും ചെയ്തു. ദമയന്തിയുടെ രണ്ടാം വിവാഹവാർത്ത കേട്ടു സന്തുഷ്ടനായ, ഭൈമീകാമുകനായ ഋതുപർണ്ണൻ തന്നെ അതിവേഗത്തിൽ വിദർഭയിലെത്തിക്കാൻ ബാഹുകനെ നിയോഗിച്ചു. തന്റെ അശ്വപാലനസാമർത്ഥ്യം കൊണ്ട് ഋതുപർണ്ണനിൽ നിന്ന് അക്ഷഹൃദയമന്ത്രം സ്വീകരിക്കാനും കലിയുടെ ബാധയിൽ നിന്ന് രക്ഷപ്പെടാനും നളനു സാധിച്ചു. അചിരേണ പ്രിയാസമാഗമവും ലഭ്യമായി. ദമ്പതിമാരുടെ വനാനുഭവങ്ങൾ വ്യാസൻ വിസ്തരിച്ചുവർണ്ണിച്ചിട്ടുണ്ട്. വനമദ്ധ്യേ ഉപേക്ഷിക്കപ്പെട്ട ദമയന്തിയുടെ വിലാപവും, സാർത്ഥവാഹകസംഘത്തിന്റെ കൂടെ സഞ്ചരിക്കുമ്പോൾ അവൾ നേരിട്ട ആപത്തുമൊക്കെ വന്യവും കരാളവുമായ ജീവിതത്തെയാണ് പ്രകടമാക്കുന്നത്. ജീവിതത്തിൽ നാം അനുഭവിക്കുന്ന പാരവശ്യവും സംഘർഷങ്ങളും പക്വമായ സമീപനത്താൽ നേരിടണമെന്ന യുക്തമായ ചിന്ത മുന്നോട്ടുവെക്കാൻ നളകഥ വഴി വ്യാസനു സാധിക്കുന്നു.

വ്യാസഭാരതത്തിൽ നിന്നു വ്യതിരിക്തമായി, നളചരിതം ആട്ടക്കഥയിൽ കഥയുടെ പടർച്ചയേക്കാളും ഏകാഗ്രതയ്ക്കാണ് ഉണ്ണായിവാരിയർ മുൻഗണന നല്കിയത്. സന്ദർഭോചിതമായ വെട്ടിത്തെളിക്കലുകൾക്ക് നളേതിവൃത്തം വിധേയമായിട്ടുണ്ട്. സാഹിത്യാംശത്തിനും നാടകീയഘടകങ്ങൾക്കും മുൻതൂക്കം നല്കിയതിനാൽ ഇപ്പോഴും ആട്ടക്കഥകളിൽ നായകസ്ഥാനത്തു നളചരിതം അവരോധിതമായിരിക്കുന്നു. രംഗസജ്ജീകരണമികവ്, സംഭാഷണപടുത്വം, താളഭദ്രത എന്നീ ഘടകങ്ങൾക്കൊപ്പം, സംഗീതത്തിലെ രാഗതാളങ്ങളെ പൊലിപ്പിക്കാനാവശ്യമായ പ്രാസപ്രിയതയിലും വാരിയരുടെ ദൃഷ്ടി പതിഞ്ഞു. ധർമ്മോപദേശപ്രധാനമായ ഇതിവൃത്തസ്വീകരണത്താൽ തന്നെ മറ്റ് ആട്ടക്കഥകളിൽനിന്നു നളചരിതം ബഹുദൂരം മുന്നേറി. നാലുദിവസം തുടർച്ചയായി ആടാനാകും വിധമാണ് നളചരിതത്തെ സംവിധാനം ചെയ്തിട്ടുള്ളത്. ഇതിവൃത്തഭദ്രത, കഥാപാത്രമിഴിവ്, ഔചിത്യദീക്ഷ, പുരോഗമനപരമായ ഇതിവൃത്തസ്വീകരണം, പുരാണേതിവൃത്തപരിഷ്കരണം, കഥാപാത്രസ്വത്വം, ഏകാഗ്രത, ഭാവതീവ്രത എന്നിങ്ങനെ സകലമേഖലകളിലും രചയിതാവ് ബദ്ധശ്രദ്ധനായിട്ടുണ്ട്.

സാമൂഹികവും സാംസ്കാരികവുമായ മേന്മകളോടെ കഥകളിയെന്ന കലയെ അതിന്റെ ഭാവുകനിലെത്തിക്കാനാണീ അദ്ധ്വാനം. ഒരു രംഗകലയുടെ അവതരണത്തിന് പുരാണകഥ പൂർണ്ണമായും യോജിക്കണമെങ്കിൽ അതിലെ ചില കഥാപാത്രങ്ങളെ ഒഴിവാക്കിയും, ചിലത് കൂട്ടിച്ചേർത്തും ചിലത് കാലികമാറ്റങ്ങളോടെ പുനരവതരിപ്പിച്ചും, പുതിയ കഥാസന്ദർഭങ്ങൾ കൂട്ടിച്ചേർത്തും മൂലകഥയിൽ പൊളിച്ചെഴുത്തു നടത്തേണ്ടിവരും. എന്നാൽ ചെറിയമാറ്റങ്ങളിൽ നിന്നു പോലും അനിർവചനീയമായ അനുഭൂതിയാണ് അനുവാചകരിൽ പ്രസരിച്ചത്.

മൂലകഥയിൽനിന്നു വ്യത്യസ്തമായി ഉണ്ണായിവാരിയർ വരുത്തിയ മാറ്റങ്ങളിലൊന്ന്, നാരദർ കഥയുടെ ആരംഭത്തിലും അവസാനത്തിലും നളനെ സന്ദർശിക്കുന്നുവെന്നതാണ്. നാരദൻ

ISSN No: 3049-0316
വാല്യം 1 ലക്കം 4 ജൂൺ 2025

ഏഷണിക്കാരനും കലഹക്കാരനും മറ്റുമായാണ് പുരാണങ്ങളിൽ പ്രത്യക്ഷമാകുന്നത്. എന്നാൽ അന്നത്തെ വിവരസമാഹർത്താവും വിവരവിനിമയ കേന്ദ്രവുമായിരുന്നു നാരദൻ. തന്റെ സന്ദർശനത്തിൽ ഭീമരാജപുത്രിയെ കരഗതമാക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് അദ്ദേഹം നളനെ ഉപദേശിക്കുന്നു.

നള-ദമയന്തി പ്രണയകാര്യങ്ങളിലേക്ക് നേരിട്ടു പ്രവേശിക്കുന്നത് ഒഴിവാക്കാൻ നാരദനെ ആദിയിൽ അവതരിപ്പിക്കുന്നതിലൂടെ സാധിച്ചു. തദ്വാരാ, കഥാവതരണത്തിൽ പുതുമയുളവാക്കാനും കഥാഗതിയെ ചടുലമാക്കാനും കഴിഞ്ഞു. "പുരാണത്തിൽ കാണാത്ത നാരദന്റെ വരവ് ആദിയിലും അവസാനത്തിലും ചേർത്തത് നാടകീയകഥാവസ്തുവിന് ഒരു നിർവാഹകനെ സമ്പാദിക്കാനാണെന്നു"വെന്ന് 'കാന്താരതാരക'ത്തിൽ എ.ആർ. രാജരാജവർമ്മ അഭിപ്രായപ്പെട്ടിട്ടുണ്ട് (1986:16). കഥാവസാനത്തിൽ കലികൃതമായ പാപങ്ങൾ മുഴുവൻ അകന്നെന്ന ജഗല്പിതാവിന്റെ ആശിസ്സുകൾ അറിയിക്കാനും അനുഗ്രഹിക്കാനുമാണ് നാരദൻ എത്തിച്ചേരുന്നത്. ഒന്നാം ദിവസം ഏഴാം രംഗത്തിലും നാരദൻ വരുന്നുണ്ട്. ഇന്ദ്രസഭയിലേക്ക് പർവ്വതരാജാവുമൊത്താണ് രംഗപ്രവേശം. എന്താണ് അസുരരുമായി യുദ്ധം ഭവിക്കാത്തതെന്ന ചോദ്യത്തിന് ("അനർഗ്ഗളമൊരു സമരം കാണാഞ്ഞുള്ളിൽ കനക്കേയുണ്ടഴൽപ്രചുരം അതു സാധിക്കിൽ...' പി.വേണുഗോപാലൻ, 2017:435) അനുജന്റെ-വിഷ്ണു- സുദർശനം കാരണമാണെന്ന് ഇന്ദ്രൻ മറുപടി പറയുന്നു. ("അനുജന്റെ സുദർശനം ദനുജരെ അമർക്കയാൽ മുനിവര്യ! രണം ദുർല്ലഭം" 2017:435). മനുജർ സ്വർഗ്ഗത്തിലെത്താത്തതിന്റെ കാരണമെന്തെന്ന് ഇന്ദ്രൻ തിരക്കിയതിനു മറുപടിയായി, ദമയന്തിയെന്ന രാജകന്യകയെ വരിക്കുകയെന്ന ലക്ഷ്യമുള്ളതിനാൽ രാജാക്കന്മാരൊക്കെ അതിൽ വ്യാപൃതരാണെന്നും, സുരസ്ത്രീകളെ വെല്ലുന്ന അവളുടെ സ്വയംവരമുടനുണ്ടെന്നും, എന്നാലവൾ താൻ പ്രണയിക്കുന്നയാളെ മാത്രമേ വരിക്കുകയുള്ളൂവെന്നും മുനി പറയുന്നു. ആ സ്വയംവരം കലഹത്തിൽ കലാശിക്കാം. ഈ കലഹത്തെ നിവാരണം ചെയ്യാനും, ദേവന്മാരുടെ അമിതാസക്തി വെളിപ്പെടുത്താനും നളദമയന്തിമാർക്ക് ഉപകാരപ്പെടാനുമാണ് നാരദസന്ദർശനം ഈ വിധത്തിൽ ഉണ്ണായിവാരിയർ ചിട്ടപ്പെടുത്തിയിരിക്കുന്നത്.

ഹംസവും നളനും തമ്മിൽ നടക്കുന്ന ദീർഘമായ സംഭാഷണം മൂലകഥയിൽ നിന്നുള്ള ഒരു മാറ്റമാണ്. മഹാഭാരതത്തിലെ ലഘുഭാഷണത്തിൽ ദമയന്തീസന്നിധിയിൽ എന്നെ മറക്കാതിരിക്കാൻ അവൾക്കാവുംവിധം വാഴ്ത്തുക എന്നേ നളൻ ഹംസത്തോടു പറയുന്നുള്ളൂ. നളചരിതം ആട്ടക്കഥയിലാകട്ടെ, ഹംസവുമായി സംഭാഷണം മുഖേന സുദൃഢസൗഹൃദമാണ് നളനുള്ളതെന്നു വരുന്നു. നളചരിതം ഒന്നാംദിന കഥയിൽ ഹംസത്തെ അവതരിപ്പിക്കുമ്പോൾ ഉണ്ണായിവാരിയർ ഉപജീവിക്കുന്നത് ശ്രീഹർഷന്റെ 'നൈഷധീയചരിതം' എന്ന സംസ്കൃത മഹാകാവ്യത്തെയാണ്. ഈ മഹാകാവ്യത്തോട് ഉണ്ണായി വാരിയർക്കുള്ള മതിപ്പ് പന്മന രാമചന്ദ്രൻ നായർ എടുത്തുപറയുന്നുണ്ട് (1987:13).

മഹാഭാരതത്തിൽ 'പൊന്നരയന്നങ്ങളിലൊന്നിനെ കൈക്കലാക്കുന്ന' സന്ദർഭം ഉണ്ണായിവാരിയർ പരിഷ്കരിച്ചതെങ്ങനെയെന്ന താഴെപ്പറയുന്ന വരികളിൽ വ്യക്തമാകുന്നു.

> "അനക്കം കൂടാതെ നരവരനണഞ്ഞാശു കുതുകാ-
> ദനർഘസ്വർണ്ണാഭം ശയിതമരയന്നപ്പരിവൃഢം
> ഇണക്കാമെന്നോർത്തങ്ങിതമോടു പിടിച്ചാരളവിലേ
> കനക്കും ശോകം പൂണ്ടവനഥ രുരോദാതി കരുണം" (2017:427)

രതിശ്രാന്തനായി ഉറങ്ങിക്കിടക്കുന്ന സ്വർണ്ണനിറമുള്ള അരയന്നത്തെ നല്ല ഉദ്ദേശ്യത്തോടെയാണ് നളൻ പിടികൂടുന്നത്. എന്നാൽ, തന്നെ കൊല്ലാനാണ് രാജാവിന്റെ ശ്രമമെന്ന് അരയന്നം തെറ്റിദ്ധരിക്കുന്നു. വിലപിക്കെ സ്വന്തം കുടുംബത്തിന്റെ ദയനീയാവസ്ഥ ഹംസം വ്യക്തമാക്കുന്നു. 'ഖേദം വേണ്ട, നിന്റെ ആഗ്രഹത്തിനൊത്ത് പറന്നുപോവുക'യെന്നു പറഞ്ഞ് നളൻ അവനെ വിട്ടയക്കുന്നു. നളരാജാവിന്റെ കരുണയും മഹാമനസ്കതയും ആവിഷ്കരിക്കുന്നതോടൊപ്പം രാജാവിനോട് നിസ്സീമമായ പ്രീതി ഹംസത്തിനു തോന്നുവാനുള്ള സാഹചര്യവും കവി സൃഷ്ടിക്കുന്നു. പ്രത്യുപകാരം ചെയ്യാമെന്ന് ഹംസം വാക്കു നല്കി. ഭൈമീചിന്തയാൽ കലുഷമനസ്സോടെയാണ് വിജനമായ ഉദ്യാനത്തിലേക്ക് പ്രവേശിച്ച നളൻ ചിന്തിച്ചതുതന്നെ ഹംസം വചിച്ചു. ഭീമരാജാവിന്റെ സർവഗുണസമ്പന്നയും സുന്ദരിയുമായ ദമയന്തിയെന്ന പുത്രി മൂന്നുലോകങ്ങളിലും ഉപമകളില്ലാത്ത ഗുണങ്ങളോടുകൂടിയവനായ നളനു ചേരും.

 ISSN No: 3049-0316


തന്റെ മനസ്സറിയുന്നവനായ ഹംസത്തെ നളൻ ഭൈമീസന്ദർശനമെന്ന ദൗത്യമേൽപ്പിച്ചു. ഇവിടെയാണ് പ്രശസ്തമായ "പ്രിയമാനസാ നീ പോയ് വരേണം, പ്രിയയോടെന്റെ വാക്കുകൾ ചൊല്ലാൻ" എന്ന വരികളുടെ പ്രാധാന്യം കടികൊള്ളുന്നത് (2017:428). പ്രിയമാനസനെന്നാണ് നളൻ ഹംസത്തെ സംബോധന ചെയ്യുന്നത്. വെറും പ്രാസപ്രിയത്തിനല്ല ഈ വാക്കുകൾ കവി ഉപയോഗിക്കുന്നത്. കലുഷവും പ്രിയകാര്യങ്ങൾ അനുഭവിക്കാൻ വെമ്പുന്നതുമായ മനസ്സിന്, സാന്ത്വനമാകുന്ന ഹംസം. അതിനാൽ ആ സംബോധന തീർത്തും ഉചിതമാണ്. തുടർന്ന് ദമയന്തിയെ കാണാൻ ഹംസം തനിച്ച് (വ്യാസൻ പരാമർശിക്കുന്നതു പോലെ കൂട്ടമായല്ല) കുണ്ഡിനത്തിലേക്ക് തിരിക്കുന്നു. ഇതിവൃത്തത്തെ സംബന്ധിച്ചും കഥാപാത്രങ്ങളും സംഭവഗതികളും തമ്മിലുള്ള പൊരുത്തം സംബന്ധിച്ചും വളരെ ശ്രദ്ധാലുവായ കവിയാണ് ഉണ്ണായിവാരിയർ.

നളന്റെ ഗുണങ്ങൾ കേട്ടറിഞ്ഞു മനസ്സുകൊണ്ട് നളനെ വരിച്ചവളെങ്കിലും, തന്റെ ഹൃദയം മറ്റൊരാളുടെ മുന്നിൽ തുറക്കാൻ ദമയന്തി ശ്രമിച്ചിട്ടില്ല. അവളുടെ സാത്വികത അവതരിപ്പിക്കാനായി ഒരു പ്രാർത്ഥനാഗീതവും കവി ഒരുക്കിയിട്ടുണ്ട്. ഭൈമിയുടെ മനസ്സ് പ്രണയവൈവശ്യത്താൽ ചഞ്ചലിതമാണ്. പൂങ്കാവിലെത്തുമ്പോഴേക്കും അടുത്ത നിമിഷത്തിൽതന്നെ കൊട്ടാരത്തിലേക്കെന്നു പറഞ്ഞു നടനുകളയും. പൂന്തോട്ടത്തിലെ മനോഹരങ്ങളായ കാഴ്ചകൾ അവൾക്ക് അസഹ്യങ്ങളായി. ഈ ചാഞ്ചല്യം കണ്ടു തോഴികൾപോലും അമ്പരന്നു. ചെറുശ്ശേരിയെപ്പോലുള്ള കവികൾ ഇത്തരം പ്രണയസന്ദർഭങ്ങൾ വളരെ വിസ്തരിച്ചിട്ടുണ്ടെങ്കിലും ഔചിത്യബോധത്തിന്റെ മാന്ത്രികപ്രഭാവം കാണാവുന്നത് ഇവിടെയാണ്. ഒരു വൈകാരികസ്തോഭം, ഒരു സംഘർഷം, ഒരു അവസ്ഥ, ഒരു രൂപം ഒരു വാക്കിലോ, ഏതാനും വാക്കുകളിലോ സംക്ഷിപ്തമായി അവതരിപ്പിക്കുവാനുള്ള രചയിതാവിന്റെ പ്രാഗത്ഭ്യം അതിശയകരമാണ്. പൂങ്കാവിലാണ് ദമയന്തിയുടെ കണ്ണുകൾക്ക് അമൃതധാരപോലെ, ചന്ദ്രമണ്ഡലമിറങ്ങിവരുന്നതു പോലെ, ഹംസം ഇറങ്ങിവന്നത്. തന്ത്രപൂർവ്വം അവൻ ദമയന്തിയെ സഖിമാരിൽ നിന്നുമകറ്റി. സന്ദർഭത്തിന്റെ ഔചിത്യത്തിനു മാറ്റു കൂട്ടാൻ കവി ദമയന്തിയെക്കൊണ്ടു പറയിക്കുന്നു: "ക്രൂരനല്ല സാധുവത്രേ ചാരുരൂപൻ; നിങ്ങൾ ദൂരെ നില്പിൻ, എന്നരികിൽ ആരും വേണ്ട" (2017:430). ഇനി ഹംസത്തിന്റെ നടത്തയോ? "ഇനിയൊരടി നടന്നാൽ കിട്ടുമേ കൈക്കലെന്നും പ്രതിപദമപി തോന്നുമ്മാറ് മന്ദം നടന്നു" (2017:430). എല്ലാം സ്വാഭാവികമട്ടിലാണ് ഒരുക്കിയിരിക്കുന്നത്. 'ഞാൻ ബന്ധുവാണ്, നളനഗരത്തിലാണ് വസിക്കുന്ന'തെന്ന ഹംസവാക്യം ദമയന്തിയുടെ അഭിലാഷത്തിന് പൂർത്തിവരുത്താനുള്ള പ്രേരണാഘടകമാകുന്നു. പക്ഷേ, തന്റെ ഹൃദയരഹസ്യം എങ്ങനെ പുറത്തു പറയും? കാരണം, "കുലകന്യകമാരാൽ ഹൃദി ഗുഹനീയം വസ്തു പറയാമോ"? (2017:431). മനസ്വിതയുടെയും കുലീനതയുടെയും വിപദിധൈര്യത്തിന്റെയും പ്രകടരൂപമായാണ് ദമയന്തിയെ അവതരിപ്പിക്കുന്നത്. അവളുടെ ഹൃദയം മനസ്സിലാക്കാനായി, മറ്റൊരുവനിൽ അവൾക്ക് അഭിലാഷമുണ്ടോ എന്ന് പരീക്ഷിക്കാനായി, ഹംസം ചില ചോദ്യങ്ങൾ ചോദിക്കുന്നു. തന്റെ ഹൃദയം നളനൊഴികെ അന്യനുള്ളതല്ലെന്ന് ഭൈമി വ്യക്തമാക്കുന്നു. പ്രണയദൗത്യത്തിൽ ഹംസം വിജയിക്കുന്നു. നിശ്ചയമായും പുഴ സമുദ്രത്തിലണയും. സമാധാനചിത്തമോടെ ഹംസം നളന്റെ സവിധത്തിലെത്തി. അഭിലാഷം സാധിതപ്രായമായെന്നറിയിച്ചു. ഇനി സങ്കടക്കടലിൽ നീന്തേണ്ട. താങ്കൾ സ്മരിക്കുമ്പോൾ ഞാൻ എത്തിക്കൊള്ളാം. നാലാംദിനം അവസാനവും ഹംസം വരുന്നുണ്ട്. ബ്രഹ്മസന്ദേശം ഉണർത്തിക്കാനായാണ് ഹംസം എത്തുന്നത്. ദമ്പതികളെ ഹംസം ആശീർവദിക്കുന്നു. നാരദന്റെ രംഗപ്രവേശത്തിനു മുമ്പെ വിടവാങ്ങുകയും ചെയ്യുന്നു. നല്ല സുഹൃത്തും ആത്മാർത്ഥസേവനവും അഭിവൃദ്ധിക്ക് ഹേതുകമാണെന്ന സന്ദേശം ഹംസം പ്രദാനം ചെയ്യുന്നു.

മഹാഭാരതകഥയിൽ ദേവന്മാരുടെ ദൂതുമായി ചെല്ലുന്ന നളൻ ദമയന്തിയോട് താനാരാണെന്നു വെളിപ്പെടുത്തുന്നുണ്ട്. അതിന്, നളനോട് അങ്ങ് "ശ്രദ്ധപോലെന്നെ വേട്ടാലും" (കുഞ്ഞിക്കുട്ടൻ തമ്പുരാൻ, 2007:1034) എന്ന മറുപടിയാണ് ദമയന്തി നല്കുന്നത്. നളചരിതം ആട്ടക്കഥയിൽ നളൻ സ്വന്തം വൃത്താന്തം ഗോപ്യമാക്കി വെക്കുന്നു. ഇതിവൃത്തത്തിന് കൂടുതൽ ദൃഢതയും വിശ്വാസ്യതയും നല്കുവാൻ ഈ സമീപനം ഉപകരിക്കുന്നു. ഭൈമീകാമുകനായ നളൻ ഈ ദൂതിന് തന്നെ നിയോഗിക്കരുതേയെന്ന് അപേക്ഷിച്ചെങ്കിലും ദേവകൾ വഴങ്ങിയില്ല. വാക്കുപാലിച്ചില്ലെങ്കിൽ വംശകീർത്തിക്കു കളങ്കമാകും. ആകെ

ISSN No: 3049-0316

ആശങ്കാകുലനായ നളൻ ദേവദത്തമായ തിരസ്കരണി ഉപയോഗിച്ച് ദമയന്തിയുടെ സമീപമെത്തുന്നു. ദേവന്മാർ നിർദ്ദേശിച്ചപോലെ, ദമയന്തിയെ അവരുടെ താല്പര്യമറിയിക്കുകയാണ് നളൻ. സ്വന്തം കാമിനിയോട് മറ്റൊരുവനെ വരിക്കണമെന്നപേക്ഷിക്കേണ്ടി വരുന്ന പുരുഷന്റെ ജാള്യത ഇവിടെ ഹൃദ്യമായി കവി അവതരിപ്പിക്കുന്നു.

ഒന്നാംദിനം ഒമ്പതാം രംഗത്തിലെ നള-ദമയന്തീ സംഗമം ദമയന്തിയുടെ നിശ്ചയദാർഢ്യം വെളിവാക്കുന്നു. ദേവകളിലൊരാളെ വരിക്കുന്നതാണ് നല്ലതെന്ന നളോപദേശത്തിനു മറുപടിയായി ദേവന്മാർ ചതിക്കുമെങ്കിൽ, മനുജർക്കാരാണ് ഇനി രക്ഷയെന്ന് ദമയന്തി സന്ദേഹിക്കുന്നു. നളനോടുള്ള പ്രണയത്തെയും ദേവകളിലുള്ള വിശ്വാസത്തെയും ഒരേസമയം സ്ഥാപിക്കുകയാണവൾ. ദമയന്തിയുടെ സുദൃഢനിശ്ചയം നളൻ ദേവകളെ അറിയിക്കുന്നു. അവളുടെ കീർത്തിയും സൗന്ദര്യപ്രഭാവവും എല്ലാ ലോകത്തിലും വ്യാപിച്ചിരുന്നു. അസുരന്മാരും രാക്ഷസന്മാരും ദമയന്തീ സ്വയംവരത്തിനു കോപ്പുകൂട്ടുന്നതായി ഉണ്ണായിവാരിയർ വർണ്ണിക്കുന്നുണ്ട്. രാജാക്കന്മാരെയും ദേവകളെയും വധിച്ച് അവളെ സ്വന്തമാക്കണമെന്നാണ് അക്കൂട്ടരുടെ ആഗ്രഹം. പ്രമുഖരായ ദേവകളെത്തന്നെ സ്വയംവരത്തിനെത്തിച്ച് നളദമയന്തിമാർക്ക് പ്രബലപിന്തുണ ഉറപ്പാക്കുകയാണ് കവി. ശ്രീഹർഷനെ അനുകരിച്ചെന്നോണം നളചരിതം ആട്ടക്കഥയിലും ദമയന്തിയുടെ സ്വയംവരത്തിന് സഹായഹസ്തം നീട്ടിയണയുന്നത് സരസ്വതീദേവിയാണ്. ഇത് മൂലകഥയിൽ നിന്നും പ്രകടമായ മറ്റൊരു വ്യത്യാസമത്രെ. ഭൈമിയുടെ ആളിയെന്ന മട്ടിലാണ് സരസ്വതിയുടെ പ്രവേശനം. അഞ്ചുനളന്മാരെ കണ്ട ദമയന്തി ചിന്താക്കുഴപ്പത്തിലായി. അവൾ ദേവകളെ പ്രാർത്ഥിച്ചു. ദേവന്മാർ ദേവചിഹ്നങ്ങൾ പ്രകടമാക്കവേ, ആശങ്കയകന്ന ദമയന്തി നളനെത്തന്നെ വരിക്കുന്നു. വധൂവരന്മാരെ ദേവകൾ അനുഗ്രഹിക്കുന്നു. വിവിധ സ്വയംവരാർത്ഥികളെ പരിചയപ്പെടുത്തുമ്പോൾ ഋതുപർണ്ണന്റെ പേരും സരസ്വതി പറയുന്നുണ്ട്. ഋതുപർണ്ണനെന്ന കഥാപാത്രബീജം തുടർദിനങ്ങളിൽ വിതയ്ക്കാൻ കരുതിവെച്ചിരിക്കുകയാണ് കവി. ഋതുപർണ്ണന്റെ ഉള്ളിൽ കുമിഞ്ഞുകിടക്കുന്ന തീവ്രമായ ഭൈമീപ്രണയത്തെ മൂന്ന്, നാല് ദിന കഥകളിൽ ആവിഷ്കരിക്കുന്നു. ദമയന്തീ സ്വയംവരത്തോടെ ഒന്നാംദിന കഥ സമാപിക്കുന്നു. ഓരോ ദിനം കഥ പറഞ്ഞു തീരുമ്പോഴും, അടുത്ത ദിനകഥയെ സംബന്ധിക്കുന്ന ഉദ്വേഗം നിലനിർത്താനാവശ്യമായ പരിസമാപനവും കാച്ചിക്കുറുക്കിയ അവതരണവും കാടുകയറാത്ത പ്രതിപാദനവും നളചരിതത്തെ ഹൃദയഹാരിയാക്കുന്നു. ശബ്ദാർത്ഥസൗകുമാര്യം നളചരിതം ആട്ടക്കഥയിലെമ്പാടും കാണാം. മനുഷ്യഹൃദയജ്ഞാനമുള്ള കവിയാണ് ഉണ്ണായിവാരിയർ. അദ്ദേഹത്തിന്റെ കലാമർമ്മജ്ഞതയ്ക്കുദാഹരണമാണ് ഈ കൃതി. കഥാഹൃദയം ചോരാതെ സംക്ഷേപിച്ചുര ചെയ്യാനും ഓരോ കഥാപാത്രത്തിനും വ്യക്തിത്വം പകരാനും അദ്ദേഹം ശ്രദ്ധിച്ചിട്ടുണ്ട്.

സാമൂഹികതയേക്കാളും വ്യക്തിഗതപ്രകടനമാണ് നളചരിതം ആട്ടക്കഥയുടെ സവിശേഷത. രണ്ടാംദിനം കൂടുതൽ സംഘർഷഭരിതമാണ്. രണ്ടാം ദിനകഥയാരംഭിക്കുന്നത് ദേവാനുഗ്രഹത്തോടെ വിവാഹിതരായ നളദമയന്തിമാരുടെ മധുവിധുവിന്റെ സുരഭിലനിമിഷങ്ങൾ അവതരിപ്പിച്ചുകൊണ്ടാണ്. മറ്റുചില ആട്ടക്കഥകളിൽ നിന്നു വ്യത്യസ്തമായി മിതവും മാന്യവും ശ്ലീലവുമായ ഭാഷയാണ് പ്രണയരംഗവർണ്ണനയ്ക്ക് ഉണ്ണായിവാരിയർ ഉപയോഗിക്കുന്നത്. ഉപവനസാന്നിദ്ധ്യവും പ്രണയകൂജനവും വർണ്ണിക്കാൻ അല്പവാക്കുകൾ. നളന്റെ പ്രണയമൊഴികളിൽ ഭൈമിയോടുള്ള സ്നേഹവിധേയത്വങ്ങൾ നിഴലിക്കുന്നുണ്ട്. കുലീനരായ രണ്ടുപേരുടെയും ചേഷ്ടകളും വാക്കുകളും അവരുടെ മഹിമയെ വിളിച്ചോതുന്നു. ഇന്ദുവദനേ, എനിക്കു നിന്നെ ലഭിച്ചു. ഇനി നിൻ ത്രപ മാത്രമാണു തടസ്സം' എന്നിങ്ങനെ കൃതിയുടെ സത്തയും കഥാപാത്രങ്ങൾക്കു കല്പിക്കപ്പെട്ട അന്തസ്സും ചോരാതെയാണ് സഹൃദയരിൽ രസം പകരുന്നത്. നളന്റെ പ്രണയമൊഴികൾക്കു പകരമായാണ് ദമയന്തി, "സാമ്യമകന്നോരുദ്യാനം; എത്രയുമാഭിരാമ്യമിതിനുണ്ടതു നൂനം" (2017:452) എന്ന് പ്രശംസിക്കുന്നത്. ഉദ്യാനത്തിനും നളനും അഭേദം പറയാം.

കലി, ദ്വാപരൻ എന്നിവർ 'കാമനീയകത്തിൻ ധാമം' ദമയന്തിയുടെ സ്വയംവരത്തിനു പുറപ്പെടുന്നതും സ്വയംവരം കഴിഞ്ഞു മടങ്ങുകയായിരുന്ന ഇന്ദ്രാദികൾ അവരെ പരിഹസിക്കുന്നതും രസകരവും നിർണ്ണായകവും എന്നാൽ സ്തോഭജനകവുമായ രംഗമാണ്. ക്രോധവാനായ കലി പകരം വീട്ടും എന്ന് ശപഥം ചെയ്യുന്നു. ഇവിടെയാണ് നളചരിതത്തിലെ മുഖ്യപ്രതിനായകന്റെ അരങ്ങേറ്റം. ദമയന്തി ദേവരെ

 ISSN No: 3049-0316 

വെടിഞ്ഞ് `കേവലമൊരു മനുഷ്യപ്പുഴുവിനെ' വരിച്ചതിലാണ് കലിയുടെ അമർഷം. നളദമയന്തിമാരെ പിണക്കിയകറ്റുമെന്ന കലിദ്വാപരന്മാർ ശപഥം ചെയ്യുന്നു. അവരുടെ ദുഷ്ടമനോഭാവത്തെ ഇന്ദ്രൻ നിരുത്സാഹപ്പെടുത്തുന്നു. കലിയുടെ വ്യാപാരം അനർത്ഥമുളവാക്കുന്നത് അവനുതന്നെയായിരിക്കും.

രംഗം മൂന്നിൽ പുഷ്കരൻ പ്രത്യക്ഷനാകുന്നു. പുഷ്കരന്റെ അതൃപ്തിയെയും അത്യാർത്തിയെയും കലിദ്വാപരന്മാർ സമർത്ഥമായി ചൂഷണം ചെയ്യുന്നു. നാടും നഗരവും കുടയും ചാമരവും അമിത്രവീരന്മാരെ അമർക്കും വൻപടയും തനിക്കില്ലെന്നതിലാണ് പുഷ്കരന്റെ സങ്കടം. അധികാരമില്ലാത്ത നിസ്വനായാണ് പുഷ്കരൻ നടിക്കുന്നത്. ഇല്ലായ്മയെക്കുറിച്ച് മാത്രം ചിന്തിച്ച് ഖേദിക്കുന്ന, നളന്റെ സൗഭാഗ്യങ്ങളിൽ അസൂയപ്പെടുന്ന സ്വാർത്ഥനായ പുഷ്കരനെ കലിക്കു പാട്ടിലാക്കാനെളുപ്പമായി. "പുഷ്കര, നീ പഴുതേ ജന്മം നിഷ്ഫലമാക്കരുതേ" (2017:455) എന്ന കലിയുടെ അർത്ഥനയിൽ എല്ലാമടങ്ങിയിട്ടുണ്ട്. കാമക്രോധലോഭമോഹങ്ങൾക്കടിപ്പെട്ട പുരുഷാരത്തിന്റെ പ്രതീകമാണ് പുഷ്കരൻ. യഥാർത്ഥത്തിൽ കലിയുടെ കരു. സാധാരണജീവിതത്തിൽതന്നെ ഇത്തരം വേട്ടക്കാരെയും കരുക്കളെയും ഇരകളെയും നമുക്ക് കാണാം. ഏതാനും വരികളിലാണ് മനുഷ്യഹൃദയസംബന്ധിയായ അപാരജ്ഞാനം കവി പകരുന്നത്. ഓരോ ദിനത്തിലും ആവേശഭരിതമായ രംഗങ്ങൾ കോർത്തിണക്കി പ്രേക്ഷകരസത്തെ ഉണ്ണായിവാരിയർ പരകോടിയിലെത്തിക്കുന്നു. പുഷ്കരൻ കലിയുടെ പ്രലോഭനത്തിനു വശംവദനായി. കലി വൃഷഭരൂപത്തിൽ പണയമായി നിന്നു.

ദ്വാപരൻ അക്ഷങ്ങളിൽ ചതിപകർന്നു. മലിനമാനസനും ധൂമകേതുസമാനനുമായ പുഷ്കരൻ, നളൻ ചെയ്ത സഹായങ്ങൾ വിസ്മരിച്ച് ചൂതിനു വെല്ലുവിളിച്ചു. വെല്ലുവിളി സ്വീകരിച്ചെങ്കിലും കളിക്കുന്തോറും കലിബാധയാൽ ആവേശവും അവിവേകവും അബദ്ധവും നളനു വന്നുഭവിച്ചു. ഈ സന്ദർഭത്തിൽ പ്രാണപ്രേയസിയായ ദമയന്തിയുടെ ദുഃഖവും മന്ത്രിമാരും പൗരാവലിയും ഉത്കണ്ഠാകുലരായതും കവി വർണ്ണിക്കുന്നുണ്ട്. "ഊണിന്നാസ്ഥ കുറഞ്ഞൂ, നിദ്ര നിശയിങ്കൽ പോലുമില്ലാതെയായ്/ വേണുന്നോരൊടൊരാഭിമുഖ്യമൊരു നേരം നാസ്തി, നക്തംദിവം" (2017:457) എന്ന് ചൂതുവലയിൽ കുടുങ്ങിയ നളന്റെ അവസ്ഥ കവി വ്യക്തമാക്കുന്നു. "കാണും പോന്നു പുറത്തു നിന്നു കരയും ഭൈമി നളന്നന്തികേ/താനും പുഷ്കരനും തദീയവൃഷവും നാലാമതില്ലാരുമേ"(457) എന്ന സാധ്വിയായ ദമയന്തിയുടെ കരുമനയാർന്ന നില്പും, തോല്ക്കുമ്പോഴൊക്കെ വാതു പറഞ്ഞു കരു നിരത്തുന്ന നളന്റെ വാശിയുറ്റ സമീപനവും, പുഷ്കരന്റെ ക്രൂരമായ പുഞ്ചിരിയും, നളന്റെ തോല്വിയിൽ രസിക്കുന്ന കലിയുടെ ദൗഷ്ട്യവും കവി ആവിഷ്കരിക്കുന്നു.

ദ്യൂതത്തിൽ തോൽവി പിണഞ്ഞു കൊട്ടാരവും സൗഭാഗ്യങ്ങളുമുപേക്ഷിച്ച്, ഏകവസ്ത്രനായി പോകുന്ന നളനെ ദമയന്തി പിന്തുടർന്നു. നളന്റെ അപചയം മുന്നേ കണ്ട ദമയന്തി മക്കളെ വാർഷ്ണേയൻ വഴി കുണ്ഡിനത്തിലെത്തിച്ചിരുന്നു. നളന് ഒരു സഹായവും പാടില്ലെന്ന പുഷ്കരന്റെ ശാസന അയാളുടെ ശത്രുതയുടെ തീവ്രത അടയാളപ്പെടുത്തുന്നു. അശനാർത്ഥം ഉടുമുണ്ട് വിരിച്ച് പക്ഷികളെ പിടിക്കാൻ തുനിയവേ പക്ഷികളായി രൂപം മാറിവന്ന കലിദ്വാപരന്മാർ നളന്റെ ഉടുമുണ്ടും കൊത്തി പറന്നു. കഷ്ടകാലത്തിൽ കഷ്ടതകൾ അടിക്കടിയായി പ്രത്യക്ഷമാകുമെന്ന നാട്ടുമൊഴിയുടെ സാക്ഷ്യമാണ് ഈ ഭാഗം. ദമയന്തിക്കു രക്ഷാമാർഗ്ഗം കാട്ടാൻ നളൻ ശ്രമിച്ചെങ്കിലും വിപത്തിൽ ഭർത്താവിനെ ത്യജിക്കാൻ അവൾ തയ്യാറായില്ല. പുരുഷനു പത്നിയെന്നത് തന്റെ അർദ്ധമാണ്. പുരുഷന്റെ ആധിവ്യാധികളിൽ അവനു പ്രീതി പകരുന്ന ഔഷധമാണ് പത്നി. പക്ഷേ, കലിബാധിതനായ നളൻ ദമയന്തിയെ ഉപേക്ഷിക്കുന്നു. ഏതോ `ഭൂതം' നളനെ ആവേശിച്ചിട്ടുണ്ടെന്നാണ് ദമയന്തി ചിന്തിക്കുന്നത്. "ഒരു ഭൂതത്തിനാലേവം പരിഭൂതൻ മമ കാന്തന്'' '(2017:462). അല്ലെങ്കിൽ അദ്ദേഹം ഇത്തരത്തിൽ പെരുമാറില്ല. താരതമ്യേന അപ്രസക്ത ഘടകങ്ങളായ പെരുമ്പാമ്പ്, കാട്ടാളൻ എന്നീ വനഘടകങ്ങളെ കഥയുടെ മർമ്മസ്ഥാനത്തേക്കു കൊണ്ടുവരികയാണ് രചയിതാവ്.

പ്രേക്ഷകനു സഹതാപം തോന്നുന്ന കഥാപാത്രമാകുന്നു കാട്ടാളൻ. പെരുമ്പാമ്പിന്റെ വായിൽപെട്ടവളെ രക്ഷിച്ചവനു വിനാശമാണുണ്ടാകുന്നത്. ദീനമായ സ്വരം കേട്ടപ്പോൾ ദൂരെനിന്നു തന്നെ `അതൊരുവളാണെന്ന്'' കാട്ടാളൻ ഉറപ്പിച്ചു. അടുത്തുകണ്ടപ്പോൾ ആകൃതി അതിവശ്യം. ആപത്തിൽപ്പെട്ടവരെ രക്ഷിക്കാൻ സ്പർശിക്കുന്നതിൽ അപാകമില്ല. "പാതിച്ചോരയ്ക്കും പ്രാണാപായേ

ISSN No: 3049-0316


ജാതിച്ചോദ്യം വേണ്ടാ തൊട്ടുവാൻ" (2017:463) എന്നാണവന്റെ നിലപാട്. എന്നാൽ രക്ഷിച്ചുകഴിഞ്ഞപ്പോൾ ഭൈമിയുടെ സൗന്ദര്യത്തിലായി കണ്ണ്. തന്നെ രക്ഷിച്ചതിലുള്ള ഉപകാരസ്മരണയോടെ 'ഇനി വേണ്ടുന്ന ദിക്കിൽ നിനക്കു പോകാം, പ്രാണരക്ഷണത്തിനൊന്നില്ലാ പ്രത്യുപകാരം' എന്നു ദമയന്തി പറഞ്ഞു. എന്നാലവൻ, "അംഗനേ! ഞാനങ്ങു പോവതെങ്ങനെ?" എന്നായി. കാമപാരവശ്യം സഹിക്കുന്നില്ലെന്നും, നമുക്ക് കഴിയാൻ' ചോർച്ചകൂടാതെ കെട്ടി ച്ചമരും വെച്ചൊരു വീട്ടുണ്ടെന്നും അവൻ തറപ്പിച്ചു (2017:463-464). നിഷാദചാപല്യം പാതിവ്രത്യത്തിനു ബാധയായത് അംഗീകരിക്കാൻ ഭൈമിക്കായില്ല. കാമാന്ധനെ ഭസ്മമാക്കി. മാർഗ്ഗമറിയാതെ കാട്ടിലലഞ്ഞവൾക്ക് മുനിമാർ സാന്ത്വനമേകി. അവരുടെ ഉപദേശപ്രകാരം യാത്രതിരിച്ച ഭൈമി ഒരു സാർത്ഥവാഹകസംഘത്തെ കണ്ടുമുട്ടി. അങ്ങനെ അവൾ ചേദിരാജ്യത്തെത്തി. രാജമാതാവിന്റെ സ്നേഹമനുഭവിച്ച് കൊട്ടാരത്തിൽ കഴിഞ്ഞു. ചേദിരാജ്യത്തിൽ അജ്ഞാതയായി കഴിയുമ്പോഴും തന്റെ അന്തസ്സിൽ ഒരു വിട്ടുവീഴ്ചയ്ക്കും അവള് തയ്യാറായില്ല. ഈ സന്ദർഭങ്ങളിൽ ഭർത്താവിനാൽ പരിത്യക്തയായ ഒരു സ്ത്രീയുടെ ദുഃഖവും യാതനയും നിറഞ്ഞ ജീവിതാവസ്ഥ കവി വർണ്ണിക്കുന്നു. ഭൈമിയെ സുദേവൻ തിരിച്ചറിയുകയും രാജമാതാവ് ആശീർവാദങ്ങളോടെ കുണ്ഡിനത്തിലേക്ക് പറഞ്ഞയയ്ക്കുകയും ചെയ്യുന്നു. ഭൈമിയുടെ കുലമഹിമ ഫ്യൂഡൽജഡതയുടെ പ്രകാശനത്തേക്കാൾ കവിഞ്ഞെന്ന് എന്ന വിമർശനം ഉയരാവുന്നതാണ്. പുരാതനകാലത്തെ വരേണ്യസ്ത്രീസ്വത്വത്തിന്റെ ആവിഷ്കാരമാണ് കവി ഉദ്ദേശിക്കുന്നത്. ഉച്ഛിഷ്ടം ഭുജിക്കയില്ല, പുരുഷന്മാരോടുരിയാടില്ല, ആരെങ്കിലും തന്നോടു കാമാർത്ഥന നടത്തിയാലവനെ ഉടനെ വധിക്കണം അങ്ങനെയാണെങ്കിൽ ചേദിരാജധാനിയിൽ വസിക്കാമെന്നാണ് ദമയന്തി പറയുന്നത്. അതംഗീകരിച്ച രാജമാതാവ് അവളുടെ സ്വഭാവഗുണത്തിൽ പ്രേക്ഷകനെപ്പോലെ അഭിമാനിതയാകുന്നു. സ്വന്തം കാലത്തെ സ്കെച്ച് ചെയ്യുകയാണ് ഉണ്ണായിവാരിയർ.

നളചരിതം മൂന്നാംദിനം നളന്റെ രൂപപരിണാമവും തുടർസംഭവങ്ങളും ഉൾക്കൊള്ളുന്നു. കാർക്കോടകൻ, ബാഹുകനെന്ന നളൻ, ഋതുപർണ്ണ ഭൂപൻ, ഋതുപർണ്ണന്റെ മറ്റു സാരഥികളായ ജീവലൻ, വാർഷ്ണേയൻ, സുദേവ ബ്രാഹ്മണൻ മുതലായവരാണ് ഈ ദിനത്തിലെ പ്രധാനകഥാപാത്രങ്ങൾ. കാർക്കോടകൻ ദംശിച്ചതോടെ നളന്റെ ഉള്ളിലുള്ള കലി തളർന്നു. നളനു രൂപമാറ്റവുമുണ്ടായി. സർപ്പശ്രേഷ്ഠന്റെ നിർദ്ദേശപ്രകാരം ബാഹുകനെന്ന പേരിൽ ഋതുപർണ്ണസൂതനായി. ഋതുപർണ്ണനുമായി നല്ല ബന്ധം സ്ഥാപിക്കാൻ ബാഹുകനു സാധിച്ചു. ഇതു കഥാഗതിയിൽ നിർണ്ണായകമാകുന്നു. ദമയന്തിയുടെ വിപദിധൈര്യവും പ്രത്യുല്പന്നമതിത്വവും നളനെ അന്വേഷിക്കുന്നതിൽ പ്രകടമായി. ജീവലനോട് പാതിസത്യം ബാഹുകൻ വെളിപ്പെടുത്തി. ഭൈമിയെ കാമിക്കുന്ന ഋതുപർണ്ണന്റെ പാരവശ്യം ആസ്വാദകന് കൗതുകമുളവാക്കുന്നു. എത്രയും വേഗത്തിൽ കുതിരയോടിച്ച് കുണ്ഡിനത്തിലെത്താൻ ബാഹുകനോട് ആവശ്യപ്പെടുന്ന ഭാഗം അവളോടുള്ള ഋതുപർണ്ണന്റെ ആസക്തി പ്രകടമാക്കുന്നു. ഇവിടെ ഋതുപർണ്ണനോടു പ്രേക്ഷകനു തോന്നുന്ന എതിർപ്പ്, നാലാംദിന കഥയിൽ സഹതാപമായി കലാശിക്കുന്നു. നളനോട് യാതൊരപ്രീതിയും ഈ കോസലാധിപതി വെച്ചുപുലർത്തുന്നില്ല. ഇപ്രകാരം ശാന്തപ്രകൃതികളായ ശുദ്ധാത്മാക്കളുടെ സാന്നിദ്ധ്യവും നളചരിതം ആട്ടക്കഥയെ വേറിട്ടതാക്കുന്നു. സുദേവൻ ദമയന്തിയുടെ രണ്ടാം സ്വയംവരം നാളെയെന്ന് ഋതുപർണ്ണനോടു കഥിക്കുന്നതും ബാഹുകനെ തേരാളിയാക്കി പുറപ്പെടുന്നതും ബാഹുകൻ അക്ഷഹൃദയമന്ത്രം സ്വന്തമാക്കുന്നതും കലി പുറത്തുചാടുന്നതും കലിയോട് ക്ഷോഭിക്കുന്നതും കലി മാപ്പപേക്ഷിക്കുന്നതുമെല്ലാം ഈ ദിവസത്തെ കഥയിലെ ആകാംക്ഷാഭരിതമായ രംഗങ്ങളാണ്.

അതിവേഗതയിൽ ബാഹുകൻ തെളിക്കുന്ന തേരിൽ ഋതുപർണ്ണഭൂപൻ കുണ്ഡിനത്തിലെത്തുന്നിടത്ത് നളചരിതം നാലാംദിനം ആരംഭിക്കുന്നു. ഋതുപർണ്ണനു ചില വിശേഷണങ്ങൾ കവി നല്കിയിട്ടുണ്ട്. ദർപ്പിതവിരോധി കാലൻ, ദർപ്പകവിലുപ്തശീലൻ, ദർപ്പണദർശനലോലൻ, ദർപ്പകോജ്ജ്വലൻ മുതലായവയാണവ. ഭൈമീകാമുകനായി ആസക്തിയോടെയെത്തുന്ന ഋതുപർണ്ണനു മറ്റെന്തു വിശേഷണങ്ങളാണ് കവി നല്കുക? ഹാസ്യപാത്രമായി പരിണമിക്കാൻ പോകുന്ന ഋതുപർണ്ണരാജാവിന്റെ നിസ്സഹായാവസ്ഥ ഭാവുകനു രസം പകരും. കുണ്ഡിനത്തിലെത്തുമ്പോഴോ? അവിടെ സ്വയംവരം നടക്കുന്നതിന്റെ ലക്ഷണമേയില്ല. എന്തു ചെയ്യും? അപ്പുറവുമിപ്പുറവും ആലോചിക്കാതെ ബ്രാഹ്മണന്റെ വാക്കുകേട്ട് ഇറങ്ങിത്തിരിച്ച തന്നെ സ്വയംപഴിക്കുകയേ വഴിയുള്ളൂ. അന്നത്തെ നാട്ടുനടപ്പനുസരിച്ച്

 ISSN No: 3049-0316


ബ്രാഹ്മണരെ കുറ്റപ്പെടുത്തുക വയ്യ. എങ്കിലും രാജാവ് ചിന്തിച്ചുപോയി: "ഉർവീസുരചാപലം പെരുതേ; പാരിൽ സർവ്വവിദിതം കേവലം" (2017:500). ഋതുപർണ്ണന്റെ കൂടെ നളനെ പ്രതീക്ഷിച്ചിരിക്കുകയാണ് ഭൈമി. അതിനു വേണ്ടി കരുവാക്കപ്പെട്ടിരിക്കുകയാണ് താനെന്ന് പിന്നീട്, എല്ലാം കലങ്ങിത്തെളിഞ്ഞതിനു ശേഷം മാത്രമേ, ഋതുപർണ്ണന് ബോദ്ധ്യമായുള്ളൂ. സുമതിയായ ഭൈമി തന്റെ തോഴിയായ കേശിനി മുഖേന ഋതുപർണ്ണന്റെ കൂടെ വന്ന ബാഹുകന്റെ `അശനശയനപാനം' മുതലായ വൃത്തികൾ അന്വേഷിച്ചു. എല്ലാം നളൻ ചെയ്യുന്നതിനു സമാനം. പർണ്ണാദനോട് അയോദ്ധ്യയിൽ വെച്ചു പറഞ്ഞ വാക്കുകൾ ബാഹുകൻ ഒരിക്കൽകൂടി ആവർത്തിച്ചു: "കുലവധൂനാം കോപമാകാ പലരില്ലേ ലോകസാക്ഷികൾ ഉഭയഭുവന സുഖമല്ലയോ വന്നുകൂടുവതിവർക്കുമേൽ" (2017: 504)

ഒന്നുകൂടി ഉറപ്പുവരുത്താൻ ദമയന്തി മക്കളെ പറഞ്ഞയച്ചു. ഇക്കാര്യത്തിൽ തെറ്റുപറ്റരുതല്ലോ. ബാഹുകൻ അവരെ കെട്ടിപ്പുണർന്നു കരഞ്ഞു. ഇനി ഈ രൂപമാറ്റം എപ്രകാരമുണ്ടായി എന്നതേ തെളിയേണ്ടതുള്ളൂ. അമ്മയോട് അനുവാദം മേടിച്ച് അന്തഃപുരത്തിലേക്ക് ബാഹുകനെ വരുത്തി. ആശങ്കാകുലമാണ് ഭൈമിയുടെ മനസ്സ്. അതുപോലെ സന്ദേഹഭരിതമാണ് നളന്റെ മനസ്സും. നളൻ ദമയന്തിയുടെ ചാരിത്ര്യശുദ്ധിയിലാണ് ആശങ്കപ്പെടുന്നത്. രണ്ടുപേർക്കും നിരവധികാര്യങ്ങൾ അറിയാനുണ്ട്, മനസ്സിലാക്കാനുണ്ട്, തീരുമാനം കൈക്കൊള്ളാനുണ്ട്, പൂർവ്വകാലം വിവരിക്കാനുണ്ട്. കാർക്കോടകൻ നല്കിയ വസ്ത്രം ധരിച്ച് ബാഹുകൻ യഥാർത്ഥനളനാകെ, തന്റെ എല്ലാ പ്രവൃത്തികൾക്കും അമ്മ സാക്ഷിയാണ് എന്നു ഭൈമി അറിയിച്ചു. ദമയന്തി യാതൊരു ദോഷവും പ്രവർത്തിക്കാത്തവളാണെന്ന് അശരീരി (വായുഭഗവാൻ) സാക്ഷ്യപ്പെടുത്തിയതോടെ നളൻ സന്തുഷ്ടനായി. തുടർന്നു ഭീമനെയും ശേഷം ഋതുപർണ്ണനേയും സന്ദർശിച്ചു. ഋതുപർണ്ണനെ അശ്വഹൃദയമന്ത്രം ഉപദേശിച്ചു തൃപ്തനാക്കിയ ശേഷം യാത്രയാക്കി. കുണ്ഡിനത്തിൽ അല്പനാൾ കഴിഞ്ഞ നളൻ വേഗം തന്നെ പുഷ്കരനെ ദ്യൂതത്തിനു വെല്ലുവിളിക്കുകയും പരാജിതനാക്കി തനിക്കു നഷ്ടമായതെല്ലാം തിരിച്ചുപിടിക്കുകയും ചെയ്തു. പുഷ്കരനെ `കൊല്ലാഞ്ഞാലോ കൊല്ലിലോ നല്ലതെന്ന്' ആലോചിക്കെ, ഹംസം പറന്നിറങ്ങി (ബന്ധുവാകിൽ വിപദി വേണ്ടൂ എന്നൊക്കെ മൊഴിഞ്ഞതിനു ശേഷം) പുഷ്കരനെ വധിക്കരുതെന്ന് ബ്രഹ്മാവിന്റെ അരുളപ്പാടുണ്ടെന്ന് പറഞ്ഞു. താൻ നരകത്തിൽ നിന്നാണ് കരേറിയതെന്ന് ഹംസത്തോട് നളൻ പറയുന്നു. അനുഗ്രഹങ്ങൾ വർഷിച്ച് ഹംസം മടങ്ങുമ്പോൾ നാരദർ പ്രത്യക്ഷനായി. ജീവൻ കിട്ടിയ പുഷ്കരനാകട്ടെ സന്തുഷ്ടനുമായി. ഇങ്ങനെ ശുഭകരമായി, കലി സൃഷ്ടിച്ച കടുത്ത പ്രതിസന്ധികളെയെല്ലാം തരണം ചെയ്ത നളൻ ശത്രുവിജയവും ജീവിതസുഖവും കൈവരിച്ചു.

ദുഃഖത്തെ അതിജീവിച്ച നളകഥ പ്രത്യാശാപൂർണ്ണമായ ജീവിതത്തിലേക്ക് ഏതൊരാളെയും നയിക്കുവാൻ പര്യാപ്തമാണ്. തന്റേതിനേക്കാൾ ദുഃഖകരമായ ജീവിതം നയിച്ചവരുണ്ടെന്ന അറിവ് സ്വന്തം പ്രയാസങ്ങളെ നിസ്സാരമായി കാണാനും കൂടുതൽ ഊർജ്ജം സമാഹരിച്ച് ജീവിതത്തിൽ പോരാടാനും സഹായിക്കും. ഉണ്ണായിവാരിയരുടെ ജീവിതഗന്ധിയായ ഈ ആട്ടക്കഥയ്ക്ക് പകരം വെക്കാൻ സമർത്ഥമായ മറ്റൊരു ആട്ടക്കഥയും മലയാളസാഹിത്യത്തിൽ ഉണ്ടായിട്ടില്ലെന്നതു വസ്തുത. ഇതിവൃത്തത്തെ ചലനാത്മകമാക്കാനുതകുന്ന കഥാപാത്രങ്ങളെ സൃഷ്ടിക്കാനും കഥയെ ജീവത്താക്കാനും തന്റെ സർഗ്ഗശേഷിയെ കവി പരമാവധി പ്രയോജനപ്പെടുത്തിയിട്ടുണ്ട്. നളചരിതം ആട്ടക്കഥയിലെ കഥാപാത്രങ്ങൾ ഏതൊരുവനും ദുഃഖത്തിനതീതനല്ല എന്ന ആശയത്തോടൊപ്പം സഹിഷ്ണുതയും അഹിംസയും ക്ഷമയും ജീവിതവിജയത്തിന്റെ മുഖ്യഘടകങ്ങളായി പരിണമിക്കുമെന്ന സന്ദേശവും പകരുന്നു. ഫ്യൂഡൽ കാലഘട്ടത്തിലെ ഉന്നതവർഗ്ഗത്തെ ഉത്തമജീവിതം നയിക്കുകയെന്ന സംസ്കാരപാഠം അഭ്യസിപ്പിക്കുകയെന്ന ധർമ്മമാണ് നളചരിതം ആട്ടക്കഥയിലെ കഥാപാത്രങ്ങൾ നിർവഹിക്കുന്നത്. ഏതു പ്രതിസന്ധിക്കും പരിഹാരമുണ്ടെന്ന് നളകഥ വിളംബരം ചെയ്യുന്നു. ദുഃഖദുരിതാദികൾ ജീവിതത്തിൽ സാർവത്രികമാണെന്നും സത്യം, നീതി, ദയ, സ്നേഹം, ത്യാഗം, സഹിഷ്ണുത മുതലായ നൈതികഗുണങ്ങൾ പാലിക്കുന്നതിലൂടെ ആനന്ദം കണ്ടെത്താനാകുമെന്നും ഈ ആട്ടക്കഥ ഗുണപാഠമേകുന്നു. സത്യവ്രതരായ വ്യക്തികൾക്കിടമുള്ള ഒരു വംശത്തെ കവി സ്വപ്നം കാണുന്നതായി അനുവാചകന് അനുഭവപ്പെട്ടാൽ അത്ഭുതമില്ല.

## നളചരിതം തുള്ളൽ

ഏകദേശം ഒരേ കാലഘട്ടത്തിൽ ജീവിക്കുകയും ഒരേ രാജാവിന്റെ ആശ്രിതരായി കഴിയുകയും ചെയ്ത രണ്ടു കവികളാണ് ഉണ്ണായിവാരിയരും കുഞ്ചൻ നമ്പ്യാരും. എന്നാൽ ആഖ്യാനത്തിലും അവതരണത്തിലും സാഹിത്യസമീപനത്തിലും രണ്ടു വ്യത്യസ്തകലകൾക്കു വേണ്ടിയാകാം നിലകൊണ്ടത്. പാലക്കാട്ടു ജില്ലയിൽ കിള്ളിക്കുറിശ്ശിമംഗലം ക്ഷേത്രത്തിനു സമീപത്തുള്ള കലക്കത്തു ഭവനത്തിലാണ് കുഞ്ചൻ നമ്പ്യാരുടെ ജനനം. ഉണ്ണായിവാരിയർ ഇരിങ്ങാലക്കുടക്കാരനാണ്. കഥകളിയിലെന്ന പോലെ തുള്ളലിലും അഭിനയത്തിനും സംഗീതത്തിനും സാഹിത്യത്തിനും പ്രസക്തിയുണ്ട്. എന്നാൽ കഥകളിപോലെ സങ്കേതജടിലമല്ല തുള്ളൽ. ഒരു പക്ഷേ വരേണ്യകലകളുടെ ഭാഷാപരവും ആശയവിനിമയപരവുമായ സങ്കേത ജടിലതയും വരേണ്യപ്രിയതയും നിവാരണം ചെയ്തു സാമാന്യജനതയ്ക്ക് കല പ്രാപ്തമാക്കുന്നതിനു വേണ്ടിയാണ് തുള്ളൽ രൂപപ്പെടുത്തിയത്. ഈ കലകളുടെ പിറവി അടിസ്ഥാനമാക്കി നിരവധി ഐതിഹ്യങ്ങളുണ്ട്. കഥകളിയെ കൃഷ്ണനാട്ടവുമായും തുള്ളലിനെ കൂത്തുമായും ഉത്പത്തിസംബന്ധമായി ബന്ധിക്കാനുള്ള ശ്രമങ്ങൾ നടന്നിട്ടുമുണ്ട്. ഈ രണ്ടു കലകൾക്കും സ്വന്തമായ സ്വത്വവും തനതായ ആസ്വാദകവൃന്ദവും ഉണ്ട്. പെട്ടെന്നൊരു ദിനം പൊട്ടിമുളക്കാനിടയില്ലാത്ത ഇത്തരം കലകളിൽ അപരകലകളുടെ സ്വാധീനത കാണാം.

സാഹിത്യത്തോടും സംഗീതത്തോടും കഥകളിക്കുള്ള സമീപനമല്ല തുള്ളലിനുള്ളത്. തുള്ളൽ സാമൂഹികാവസ്ഥയോടുള്ള പ്രതികരണമോ പ്രതിബിംബനമോ ആണ്. കെട്ടുപാടുകളിൽ നിന്നുള്ള മോചനമാണത്. ശാസ്ത്രീയവും സങ്കേതബദ്ധവുമായ മാനങ്ങളാണ്, ചിട്ടയും ആവിഷ്കാരവുമാണ് കഥകളിയെ ശ്രദ്ധേയമാക്കുന്നതെങ്കിൽ, തുള്ളൽ ജനപ്രിയമാകുന്നത് അതിലെ ഭാഷയുടെ തെളിമയും അവതരണത്തിലെ സരസതയും കലയുടെ സുതാര്യതയും കൊണ്ടാണ്. പുരാണങ്ങളിൽനിന്നും ഇതിഹാസങ്ങളിൽനിന്നുമാണ് തുള്ളൽക്കലയുടെ ഇതിവൃത്തങ്ങൾ സ്വീകരിച്ചിട്ടുള്ളത്. പൂർണ്ണമായും മൗലികവും എന്നാൽ മറ്റു കലകളിൽനിന്നു തീർത്തും വ്യതിരിക്തവുമായ സംസ്കരണമാണ് മൂലകഥകൾക്കു തുള്ളലിൽ ലഭിച്ചിട്ടുള്ളത്. കലയുടെ സാമൂഹികപന്ഥാവിനനുസരിച്ച പരിചരണമാണ് ഇതിവൃത്തങ്ങൾക്കു നല്കിയതെന്നർത്ഥം. ഇതിനൊരു ഉദാഹരണമാണ് നളോപാഖ്യാനത്തോടുള്ള കുഞ്ചൻ നമ്പ്യാരുടെ സമീപനം. കുഞ്ചൻ നമ്പ്യാർ നളചരിതത്തിൽ വരുത്തിയ പരിവർത്തനങ്ങൾ എന്തൊക്കെ?

ഉലകുടപെരുമാളിന്റെ സദസ്സിൽ കലിയുടെ വിക്രിയകളെക്കുറിച്ച് ഒരു ചർച്ച നടക്കുന്നിടത്താണ് നളചരിതം തുള്ളൽ കഥാരംഭം. കലിയുടെ വിക്രിയകൾ കലിയുഗത്തിൽ അവഗണിക്കാവുന്നതല്ല. എന്നാൽ നളകഥ പാരായണം ചെയ്താൽ കലിബാധ ഒഴിയുമെന്ന് ഒരു വൃദ്ധന് പറയുന്നു.

"നളചരിതാമൃതമുരചെയ്താലും
തെളിവൊടു കേട്ടു രസിച്ചെന്നാലും
പൊളിയല്ലവനുടെ കലിമലമഖിലം
ജളനെന്നാകിലുമാശുനശിക്കും" (കുഞ്ചൻ നമ്പ്യാർ, 2008:28)

കലി ബാധിച്ചാൽ സമൂഹത്തിലും നാട്ടിലും വ്യക്തികൾക്കും ഉണ്ടാകുന്ന ദോഷങ്ങൾ എന്തൊക്കെയെന്ന് തുടർന്നു വിവരിക്കുന്നു:

കലിയുഗശക്തി മുഴുത്തു ജനാനം
തലയിൽ കേറി മനസ്സും മുട്ടി
പാപികൾ പകിടകൾ പൊരുവതിനായി
ഗോപികൾ കൊണ്ടു വരച്ചു തുടങ്ങും
കഷ്ടം, സാളഗ്രാമസ്ഥാനേ
കുട്ടിച്ചാത്തനമർന്നു തുടങ്ങും
വിളവുകളൊന്നു കുറഞ്ഞു തുടങ്ങും
കളവുകളൊന്നു മുഴുത്തു തുടങ്ങും
വിലയും പാരമിടിഞ്ഞു തുടങ്ങും..." (2008:28)

 ISSN No: 3049-0316


കലിബാധയിൽ നിന്നും രക്ഷനേടാനുള്ള ഉപായമാണല്ലോ നളകഥ. നളനാണ് കലിക്ക് ശക്തമായ പ്രഹരമേല്പിച്ചത്. ഐശ്വര്യപ്രഭാവത്തോടെ രാജ്യകാര്യങ്ങൾ നോക്കി നടത്തുന്ന മതിമാനായ നളൻ ഉദ്യാനത്തിലെ താമരപ്പൊയ്കക്കരികിൽ ഉറങ്ങിക്കിടക്കുന്ന ഹംസത്തെ പിടികൂടുകയാണ്. അപരാധം ചെയ്യാത്ത തന്നെ കൊല്ലരുതെന്നു പറഞ്ഞ് ഹംസം നിലവിളി തുടങ്ങി. കൊന്നാൽ പാപം തിന്നാൽ തീരുമെന്ന മൂഢചിന്തയുണ്ട്. അത്തരം ചിന്തകളരുതേ. നിരവധി പക്ഷികൾ ഭക്ഷ്യയോഗ്യമായിട്ടുണ്ടല്ലോ. എല്ലും തോലും നീക്കിയാൽ ഒരു പക്ഷേ അല്പം ഭുജിക്കാനുണ്ടായെന്നും ഒരു പക്ഷേ, തീരെയില്ലെന്നും വരാം. എന്റെ മരണം കുടുബത്തിനുണ്ടാക്കുന്ന ദുഃഖവും ചെറുതല്ല. അമ്മ പടുവൃദ്ധയായിരിക്കുന്നു. ഇങ്ങനെ പരിദേവനങ്ങൾ നടത്തവെ, വധിക്കില്ലെന്നു പറഞ്ഞു രാജാവ് ഹംസത്തെ വിട്ടു. ആട്ടക്കഥയിലെ ഹംസത്തോടു തോന്നുന്ന മമതയും അതിന്റെ പ്രൗഢിയും ഇവിടെ പ്രതീക്ഷിക്കേണ്ടതില്ല. ഹംസത്തിന്റെ രൂപഭാവങ്ങൾ തന്നെ വളരെ വ്യത്യസ്തമാണിവിടെ. ഒരു സരസാഖ്യാനത്തിനുള്ള വിഭവമാണ് നമ്പ്യാർക്കു ഹംസം.

"ചിറകിനകത്തു കടിച്ചു കിടക്കും
ചെറുപേൻ കൊതുകുകൾ ഈച്ചകൾ പുഴവും
തിറവിയ കൊക്കുകൾ കൊണ്ടു കടിച്ചതു
കൊറുകൊറെയങ്ങു കടിച്ചുതുടങ്ങി" (2008:32)

മനസ്സിനു സുഖം തരുന്ന ദൃശ്യമല്ലല്ലോ ഹംസത്തിന്റേത്. അവന്റെ പ്രാർത്ഥനപ്രകാരം വിട്ടയച്ചതിനുശേഷമുള്ള ഹംസത്തിന്റെ പ്രകടനമാണ് ഈ വരികളിലടങ്ങിയിട്ടുള്ളത്. വിണ്ണിൽ നിന്നുകൊണ്ടല്ല, മണ്ണിൽ നിന്നുകൊണ്ടാണ് കുഞ്ചൻ നമ്പ്യാർ ഹംസത്തെ അവതരിപ്പിച്ചത്. യാഥാർത്ഥ്യത്തിലധിഷ്ഠിതമായ ഈ ചിത്രത്തിലെ പെരുമാറ്റരീതികൾ പ്രേക്ഷകനു രസം പകരും. നളനെ ഹംസം മതിയാവോളം പുകഴ്ത്തി. പ്രത്യുപകാരം ചെയ്യണമെന്ന് ആഗ്രഹിച്ചുകൊണ്ടവൻ ദമയന്തിയെക്കുറിച്ചു പറയുന്നത് ഈ സന്ദർഭത്തിലാണ്. അവളുടെ സൗന്ദര്യവർണ്ണന, രാജാവിന്റെ മനസ്സുനിറയുവോളം നടത്തുന്നു. "പല വടിവും വന്നു ചമഞ്ഞു, തലമുടിയും വന്നു തികഞ്ഞു" (2008:34) എന്നിങ്ങനെ സൗന്ദര്യത്തിന്റെ പ്രത്യക്ഷമാനങ്ങൾ ഭംഗിയായി അവതരിപ്പിക്കുന്നു. നളനു ദമയന്തിയിൽ ആഗ്രഹമുദിക്കുന്നു. തന്റെ വാർത്തകൾ അവളെ അറിയിക്കാൻ നിർദ്ദേശിക്കുന്നു. അതിനായി അണ്ഡജം കുണ്ഡിനത്തിലേക്ക് പറന്നുതുടങ്ങി. ആ യാത്രയിലാണ് പലപല കാഴ്ചകളും വിവരിക്കാനുള്ള സ്വാതന്ത്ര്യം നമ്പ്യാർക്കു ലഭിക്കുന്നത്. സമൂഹത്തിലെ കൊള്ളരുതായ്മകളും നീതികേടുകളും സദാചാരദുർനടപ്പുകളും ഒക്കെ ഹംസം വീക്ഷിക്കുന്നു. നായന്മാരുടെ കോപ്രായങ്ങൾ പരാമർശിക്കുന്നു.

"നായർ വിശന്നു വലഞ്ഞു വരുമ്പോൾ, കായക്കഞ്ഞിക്കരിയിട്ടില്ല" (2008:36) മുതലായ വരികൾ ആക്ഷേപഹാസ്യപ്രധാനവും ഒപ്പം സാമൂഹികവിമർശനത്തിനുദാഹരണവുമാണ്. ഇവിടെ കവിയുടെ വീക്ഷണത്തിനാണു കൂടുതൽ പ്രാധാന്യം. ഹംസത്തെ സാമൂഹികദൃശ്യങ്ങൾ പ്രതിബിംബിപ്പിക്കാനുള്ള കണ്ണാടിയായാണ് നമ്പ്യാർ അവതരിപ്പിച്ചത്. ഹംസം സംശയലേശവുമില്ലാതെ ദമയന്തിയും സഖിമാരും കളിച്ചുവസിക്കുന്നതിനു സമീപം ഇറങ്ങി. നല്ലപരിചയമുള്ള ഒരാൾ വന്നപെട്ടപോലെയുള്ള അനുഭവമാണ് ഇവിടെ ഉളവാകുന്നത്. ദമയന്തിയോടു നേരിട്ടു നളമാഹാത്മ്യം വർണ്ണിക്കാനാരംഭിച്ചു. നളന്റെ ഗുണങ്ങൾ, പരാക്രമം, മറ്റു മികവുകൾ ഒക്കെ വിശദമായി ഹംസം അറിയിക്കുന്നു. `നളനുടെ ദൂതനാണ് താൻ' എന്നു പരിചയപ്പെടുത്തിയാണ് സംഭാഷണം ആരംഭിക്കുന്നത്. ദമയന്തിയുടെ ഹൃദയത്തിൽ നളൻ പ്രതിഷ്ഠിതനാകുന്നു. അത് ഹംസത്തോടവൾ വ്യക്തമാക്കുന്നു:

"മനസിജസുന്ദരനാകിയ നളനെ
മനസി കരേറി വസിച്ചീടുന്നു
മനുജ ശിരോമണി മാണിക്യം മമ
മനസിജതാപവുമുളവാക്കുന്നു
നളനല്ലാതൊരു പുരുഷനിലെന്മന-
മിളകുന്നീലതു ബോധിച്ചാലും..." (2008:42)

ഹംസത്തിന്റെ ഭാഷണം കേട്ട് ദമയന്തിയുടെ ഉള്ളിൽ പ്രണയമുദിച്ചെന്ന ഭാഷ്യം. താൻ നിർവഹിച്ചത് വെറും കൂട്ടിച്ചേർക്കൽ മാത്രമാണ്. രണ്ടു പേരുടെയും ഉള്ളിൽ അനുരാഗം ചുട്ടുപഴുത്തിരിക്കുകയാണ്. ചുട്ടുപഴുപ്പിച്ച സ്വർണ്ണം വിളക്കിച്ചേർക്കാൻ തട്ടാന് അവ കൂട്ടിമുട്ടിക്കുകയേ വേണ്ടൂ. ദമയന്തിയുടെ അനുരാഗം നളനെ അറിയിച്ച് ഹംസം വിടവാങ്ങുന്നു. ദമയന്തിയുടെ പിതാവായ ഭീമരാജാവ് സ്വയംവരം പ്രഖ്യാപിക്കുന്ന സന്ദർഭത്തിലാണ് നാരദനും പർവ്വതനും ഇന്ദ്രസഭയിലേക്ക് എഴുന്നള്ളിയത്. നാരദനെ കവി പരിചയപ്പെടുത്തുന്നത് `പോരു തിരഞ്ഞു നടക്കുന്നവൻ', `തമ്മിൽ കലഹം സൃഷ്ടിക്കുന്നവൻ', `ഏഷണിക്കാരൻ' എന്നിങ്ങനെയാണ്.

ദേവാസുരയുദ്ധം ഉണ്ടാകുമോ എന്ന മുനിയുടെ ചോദ്യത്തിനു മുനി ക്ലേശിക്കേണ്ട, വിഷ്ണുസുദർശനം അതകറ്റുമെന്ന് ഇന്ദ്രൻ പരിഹസിക്കുന്നു. മന്നിൽ നിന്നും ആരും സ്വർഗ്ഗത്തിലേക്ക് വരുന്നില്ലല്ലോ എന്ന ഇന്ദ്രന്റെ ആരായലിന് മറുപടിയായാണ് ദമയന്തിയുടെ സ്വയംവരവാർത്ത നാരദന് അറിയിക്കുന്നത്. അവളെ ലഭിക്കാനുള്ള വെപ്രാളത്തിലാണ് ലോകർ. അവളുടെ മനസ്സുഹരിക്കാനുള്ള പദ്ധതികളിലും പ്രവർത്തനങ്ങളിലുമാണ് രാജാക്കന്മാർ വ്യാപൃതരായിരിക്കുന്നത്. അതിനാൽ ഭൂമിയിൽ കലഹമില്ല. താമസംവിനാ അവിടെ സന്നിഹിതരായിരുന്ന അഗ്നി, വരുണയമന്മാരോടൊത്ത് ഇന്ദ്രൻ സ്വയംവരത്തിനിറങ്ങുന്നു. ഈ പുറപ്പാടു കണ്ട അപ്സരസ്സുകൾ ഇന്ദ്രന്റെ കാമചാപല്യത്തെ പരിഹസിക്കുന്നു:

"മാനക്കേടു വരുത്തിക്കൊൾവാൻ
താനേ ചെന്നേ മതിയാവുള്ളൂ"

ഇന്ദ്രന്റെ ദൗർബല്യത്തെ പരിഹസിക്കുകയാണ് അപ്സരസ്സുകൾ. നാണക്കേടുണ്ടാക്കുന്ന പണിക്കേ ഇന്ദ്രനെ കൊള്ളൂ. ഭീമന്റെ കുറി കിട്ടിയ നൈഷധൻ സ്വയംവരത്തിനു പുറപ്പെട്ടു. ഭടന്മാരുടെ ഘോഷം. നളനെക്കണ്ട ഇന്ദ്രദികളാകട്ടെ, നളതേജസ്സിൽ അസൂയാലുക്കളാകുന്നു.

"കാതരമിഴിയെ ലഭിക്കണമെങ്കിൽ
കൈതവമൊട്ടു തുടങ്ങേണ്ടിവരും" (2008:56)

നളനെത്തന്നെ ദൂതനായി അയക്കണം. എന്നാൽ,

"കൊതിയന്മാരെ ദൂതിനയച്ചാൽ
ചിതമായ് വരുമോ വിബുധന്മാരേ" (2008:58) എന്ന സംശയം നളൻ ഉന്നയിച്ചു.

തുടർന്ന് ഇന്ദ്രാദികളുടെ വൻഭീഷണിക്കു മുന്നിൽ നിവൃത്തിയില്ലാതെ നളൻ വഴങ്ങുന്നു. ദൂതനായെത്തിയ നളൻ ദമയന്തിയുടെ മുന്നിൽ ആരെന്നു വെളിപ്പെടുത്തുന്നില്ല. ദമയന്തിയാകട്ടെ, നളനെ മാത്രമേ വരിക്കൂ എന്ന ശപഥം ചെയ്യുന്നു. ആ വിവരം നളൻ ദേവന്മാരെ അറിയിച്ചു. നിങ്ങളുടെ മനസ്സറിയുന്നതിനു വേണ്ടിയാണ് ഇപ്രകാരം ചെയ്തതെന്ന് ദേവന്മാർ മൊഴിഞ്ഞു. സ്വയംവരശേഷം ദേവന്മാർ വരങ്ങൾ നല്കി മടങ്ങി. ഭൈമീകാമുകരായ മറ്റുരാജാക്കന്മാർ കടുത്ത ക്ഷോഭത്തിലായി. ഭീമനെയും നളനെയും ആക്രമിക്കാൻ ഒരുമ്പെട്ടു. രക്ഷനേടാൻ വഴിയെന്തെന്നു ചിന്തിച്ചപ്പോൾ ഭാരതീദേവി പ്രത്യക്ഷപ്പെട്ട് ഇന്ദ്രാണിയെ ഭജിച്ചാൽ വിപത്തിൽനിന്നു രക്ഷപ്പെടാം എന്ന് ഉപായം പറഞ്ഞു. ഇന്ദ്രാണി നവദമ്പതികളെ കടാക്ഷിച്ചതോടെ, എന്തിനാണ് യുദ്ധം? ഭീമനും നളനും എന്തു പിഴച്ചു? എന്ന വിഭ്രാന്തിയിലകപ്പെട്ടു ഭൈമീകാമുകരായ രാജാക്കന്മാർ.

നളചരിതം തുള്ളൽ രണ്ടാം ഭാഗം നളനെയും ദമയന്തിയെയും തേടി ഭീമൻ ദൂതന്മാരെ അയയ്ക്കുന്നിടത്താണ് ആരംഭിക്കുന്നത്. കലി-ഇന്ദ്രസംവാദം, കലിയുടെ പക, പുഷ്കരനെ സ്വാധീനിക്കുന്നത്, വനസഞ്ചാരം മുതലായ നളചരിതത്തിലെ ഉദ്വേഗഭരിതഭാഗങ്ങൾ ഒഴിവാക്കിയിരിക്കുന്നു. എന്നാൽ സാന്ദർഭിക പരാമർശങ്ങളിലവ കടന്നുവരുന്നുമുണ്ട്. വനത്തിൽ നിന്നും രക്ഷപ്പെട്ട ഭൈമി വിദേഹരാജ്യത്ത് അഭയം തേടി. വീരബാഹുവാണ് വിദേഹരാജാവ്. അവിടെ വെച്ചു സുദേവൻ ഭൈമിയെ കണ്ടെത്തുന്നു. കുണ്ഡിനത്തിലെത്തിയ ഭൈമി നളനെ കണ്ടെത്താൻ ഉപായങ്ങളാരാഞ്ഞു. പർണ്ണാദൻ നല്കിയ വിവരങ്ങൾ നളസൂചന നല്കുന്നതിനാൽ, ഭർത്താവിന്റെ സിദ്ധികളറിയാവുന്ന ഭൈമി,

 ISSN No: 3049-0316


അയോദ്ധ്യാധിപനും മുൻഭൈമീകാമുകനുമായ ഋതുപർണ്ണനു പിതാവ് മുഖേന കുറിയയയ്ക്കുന്നു. കുറി വാഹകനാകുന്നത് പർണ്ണാദനാണ്. അതുകിട്ടിയ ഉടനെ ഋതുപർണ്ണൻ പുറപ്പെടാൻ വെപ്രാളപ്പെട്ടുകൊണ്ട് ബാഹുകന്റെ സഹായം തേടി. എന്നാൽ കുണ്ഡിനത്തിലെത്തുമ്പോൾ സ്വയംവരലക്ഷണങ്ങളൊന്നും കാണുന്നില്ല. ഋതുപർണ്ണനുണ്ടായ ജാള്യത അദ്ദേഹവും ബാഹുകനും തമ്മിലുള്ള ഒരു സംഭാഷണരൂപേണ മനോഹരമായി നമ്പ്യാർ ചിത്രീകരിച്ചിരിക്കുന്നു. വന്നതു നളൻ തന്നെയെന്ന് ദമയന്തി കേശിനിയുടെ സഹായത്താൽ ഉറപ്പുവരുത്തുന്നു. ഋതുപർണ്ണന്റെ അമിതാസക്തിയെയും വിടത്വത്തെയും ഭംഗിയായി നമ്പ്യാർ കളിയാക്കുന്നു. ദമയന്തിയുടെ ധീരതയെയും താൻപോരിമയെയും അഭിനന്ദിക്കുകയും ചെയ്യുന്നു. ഉന്നതരുടെ ചെറിയ ദൗർബല്യങ്ങളെപ്പോലും ഉചിതവേളയിൽ പരിഹസിക്കാനുള്ള വിരുതു നമ്പ്യാർക്കുണ്ട്. തുടർന്നു വലിയ സംവാദങ്ങളോ അശരീരിയോ ഇല്ലാതെ തന്നെ നളനും ദമയന്തിയും ഒന്നിക്കുന്നു. നളൻ പുഷ്കരനെ വെല്ലുവിളിക്കുന്നു. പുഷ്കരനെ വധിക്കാനൊരുങ്ങിയ നളനെ ദമയന്തി തടഞ്ഞു. പിന്നീടു പുഷ്കരനെ ആശ്വസിപ്പിച്ചയയ്ക്കുന്നു. എല്ലാം സമാധാനത്തിൽ കലാശിച്ചു. പുഷ്കരനെ വധിക്കുന്നതിൽനിന്നും നളനെത്തടയുന്നത് ദമയന്തിയാണെന്നത് മികവുറ്റ പരിസമാപ്തിയാണ്.

മൂലകഥയിൽ വരുത്തിയ പരിവർത്തനങ്ങൾ സരസതയുളവാക്കാനും സാധാരണക്കാരായ പ്രേക്ഷകരെ പിടിച്ചിരുത്താനും വേണ്ടിയാണ്. പക്ഷേ, മറ്റുമിക്ക തുള്ളൽക്കഥകൾക്കും ലഭിച്ചതുപോലെയുള്ള പ്രിയതയും പ്രചുരതയും നളചരിതം തുള്ളൽ നേടാഞ്ഞത് ഇതിവൃത്തത്തിലും സംഘർഷഭരിതമായ രംഗങ്ങളുടെ ആവിഷ്കരണത്തിലും ഉള്ള പോരായ്മ കൊണ്ടാകാം. ചുറ്റുമുള്ള ജീവിതത്തെ പകർത്തുന്നതിലും, കഥാപാത്രങ്ങളെ കേരളീകരിക്കുന്നതിലും, നമ്പ്യാർ കാണിച്ച അത്യുത്സാഹത്തിന്റെ ഫലമായിട്ടാകാം ഇതിവൃത്തത്തിൽ വന്ന പോരായ്മ ശ്രദ്ധിക്കാതെ പോയത്. ഇതാകാം നളചരിതത്തെ തുള്ളൽ കൃതികളിൽ പിന്നോട്ടടിപ്പിച്ചത്. മുകളിൽ ചർച്ച ചെയ്ത കൃതികൾ രണ്ടു വ്യത്യസ്ത കലകളെയാണ് പ്രതിനിധാനം ചെയ്യുന്നത്. സ്വന്തമായ ശൈലിയിലും ഭാഷയിലും മൂലകഥയെ പൊളിച്ചെഴുതാനാണു നമ്പ്യാർക്കു താൽപര്യം. എന്നാൽ ഉണ്ണായിയാകട്ടെ, മൂലകഥയിലെ കാടും പടലും നീക്കി അതിനെ തെളിച്ചമുള്ളതാക്കാൻ ശ്രമിക്കുന്നു. കഥാപാത്രങ്ങളുടെ വാചാലിനെ നിയന്ത്രിക്കാൻ നമ്പ്യാർ യാതൊരു ശ്രമവും നടത്തുന്നില്ല. എന്നാലതു പൂർണ്ണനിയന്ത്രണത്തിലും ഏകാഗ്രതയിലുമാണ് വാരിയർ നിർവഹിക്കുന്നത്. ആക്ഷേപഹാസ്യത്തിനു കിട്ടുന്ന ഒരവസരവും നമ്പ്യാർ പാഴാക്കുന്നില്ല. വാരിയരുടെ ഹാസ്യമാകട്ടെ, വളരെ നിഗൂഢവുമാണ്.

നളചരിതം ആട്ടക്കഥയിലേതിൽ നിന്നും അയഞ്ഞ് ശിഥിലമായ ഇതിവൃത്തമാണ് നളചരിതം തുള്ളലിലേത്. നമ്പ്യാരുടെ സ്വാതന്ത്ര്യം യഥാർത്ഥ കഥാഗ്രഹണത്തിനുള്ള പ്രേക്ഷകസ്വാതന്ത്ര്യത്തിനു മീതെയുള്ള കടന്നുകയറ്റമായി തോന്നാം. പക്ഷേ, അതു തന്നെയാണ് നമ്പ്യാരുടെ രീതി. ആട്ടക്കഥയിൽ കഥാപാത്രങ്ങളെ വളരെ കരുതലോടെ സംഭവങ്ങൾക്കൊപ്പം ചേർത്തു നിർത്തുമ്പോൾ തുള്ളലിൽ കഥാപാത്രങ്ങളെ സ്വച്ഛരായി വിടുന്നു. വിണ്ണിൽ ഉണ്മ തേടുന്ന ആദർശശാലികളായ കഥാപാത്രങ്ങളോടാണ് ഉണ്ണായിവാരിയർക്ക് താല്പര്യം. കുഞ്ചൻ നമ്പ്യാർക്കാകട്ടെ, മണ്ണിലലയുന്ന കഥാപാത്രങ്ങളോടാണ് ആഭിമുഖ്യം. നായകനായ നളനെക്കാളും മികവുറ്റ പരിചരണമാണ് നായികയായ ദമയന്തിക്ക് ഇരുവരും നല്കിയിട്ടുള്ളത്. നളൻ നിസ്സഹായനും പരതന്ത്രനും പരാജിതനും ദുഃഖിതനും നിഷ്ക്രിയനുമൊക്കെയാകുമ്പോൾ, ദമയന്തി പക്വതയും തന്റേടവും കർമ്മശേഷിയും ഉള്ളവളാണ്. സ്ത്രീകളെ സാഹിത്യകാരന്മാർ കുറച്ചുകണ്ടില്ല. മുഖ്യമായും പ്രതിനായകസ്ഥാനത്തു നില്ക്കുന്ന കലിയുടെ കുടിലതയ്ക്ക് നളചരിതം ആട്ടക്കഥ പ്രാധാന്യം നല്കുന്നു. നളചരിതം തുള്ളലിലാകട്ടെ, കലിയുടെ ദൂഷ്യങ്ങൾ ആദ്യഭാഗത്തുതന്നെ വിസ്തരിച്ചിട്ടുണ്ട്. പ്രതിനായക കഥാപാത്രങ്ങളിൽ കാട്ടാളൻ മാത്രമേ ഹിംസിക്കപ്പെടുന്നുള്ളൂ. മറ്റെല്ലാ പ്രതിനായക കഥാപാത്രങ്ങളും നളദമയന്തിമാരുടെ കരുണയ്ക്ക് പാത്രീഭവിക്കുകയാണ്.

അഹിംസയും കരുണയും സഹിഷ്ണുതയും സ്നേഹവുമാണ് ഏറ്റവും മികച്ച ജീവിതപാഠമെന്ന സന്ദേശം ഇരുകൃതികളിലെയും കഥാപാത്രങ്ങൾ പകരുന്നു. പ്രതിനായകരായി സാന്ദർഭിക പ്രാതിനിധ്യം ലഭിക്കുകയും എന്നാൽ, പ്രതിനായകഭാവം വെടിയുകയും ചെയ്യുന്ന കഥാപാത്രങ്ങളും നളചരിതം

ആട്ടക്കഥയിലുണ്ട്. ദേവന്മാരും, ഋതുപർണ്ണനും, കാർക്കോടകനമൊക്കെ അത്തരം സ്വഭാവമുണ്ട്. കഥാഗതിയിൽ സംഘർഷ സാദ്ധ്യതയുളവാക്കാനും പ്രേക്ഷകരുടെ ആകാംക്ഷ വർദ്ധിപ്പിക്കാനും ഇത് ഉതകും. അനുകൂലപ്രതികൂല ഭാവങ്ങളോടെ പ്രകൃതിപോലും നളചരിതത്തിൽ ഒരു കഥാപാത്രമാണ്.

തീർത്തും മാനുഷികമായ അവസ്ഥകളെയും വൈകാരികപ്പകർച്ചകളെയും നാടകീയതയോടെ അവതരിപ്പിക്കുക വഴി ആട്ടക്കഥാസാഹിത്യത്തിന് ജനസാമാന്യത്തിലേക്കിറങ്ങാനുള്ള മുദ്രകാട്ടുകയായിരുന്നു ഉണ്ണായിവാരിയർ. കഥകളിയാകട്ടെ, പില്ക്കാലത്ത് സാധാരണീയരിലേക്ക് ഇറങ്ങിച്ചെന്നു. കഥയുടെ പരിചരണത്തിലെ സുപ്രധാന ഏടായ കഥാപാത്രനിർമ്മിതിയിൽ എഴുത്തുകാരന്റെ പ്രത്യയശാസ്ത്രപരിസരം നിർണ്ണായകസ്വാധീനം ചെലുത്തുന്നതായി ഇതു തെളിയിക്കുന്നു. ഫ്യൂഡൽ കാലഘട്ടപ്രണയിയാണ് ഉണ്ണായിവാരിയരെന്ന് കഥയോടും കഥാപാത്രങ്ങളോടുമുള്ള സമീപനത്തിൽ നിന്നു വ്യക്തമാകുന്നു. സമൂഹത്തിന്റെ വരേണ്യമായ തലങ്ങളെ ശുദ്ധിചെയ്യുകയെന്ന ലക്ഷ്യത്തോടൊപ്പം സാധാരണീയർക്ക് കല പ്രാപ്തമാക്കുകയെന്ന ലക്ഷ്യത്തിലേക്ക് തുള്ളൽ മുന്നേറി. ഫ്യൂഡൽ കാലഘട്ടത്തിന്റെ തിന്മകളേയും അരിഷ്ടതകളേയും ആവിഷ്കരിക്കാൻ കുഞ്ചൻ നമ്പ്യാർ തന്റെ കഥാപാത്രങ്ങളേയും കഥാപരിചരണത്തേയും ഉപയോഗിച്ചിരിക്കുന്നു. ഏതു സദ് വൃത്തനും കലിബാധയേറ്റാൽ, കോപാദി മലിനവികാരങ്ങളുടെ പിടിയിലമർന്നാൽ, ദുഷിക്കുമെന്നും സാമൂഹികമായ പുറന്തള്ളലിനു വിധേയനാകുമെന്നും നളചരിതം ഉറപ്പിക്കുന്നു. കലിബാധ വ്യക്തികളെയും സ്ഥാപനങ്ങളെയും മാത്രമല്ല, സമൂഹത്തെ തന്നെയും ദുഷിപ്പിക്കുന്നു.

നളചരിതകാലഘട്ടത്തിൽ ജാതീയ ഉച്ചനീചത്വങ്ങളും സവർണ്ണാധിപത്യവും വിദേശീയരുടെ സുതാര്യമല്ലാത്ത കച്ചവടാസക്തികളും നാട്ടുരാജ്യങ്ങൾ തമ്മിലുള്ള സംഘർഷങ്ങളും ആഭ്യന്തരലഹളകളും തൊഴിലൂഷണവും പീഡനങ്ങളും ഇവിടെ നടമാടിയിരുന്നു. ഇവയൊക്കെ കലിയുടെ വിവിധ പ്രകടനങ്ങളായിരുന്നു. കലി എല്ലാവിധ ജ്ഞാനത്തെയും വിവേകത്തെയും അപ്രസക്തമാക്കുന്നു; നന്മകളെ നിരാകരിക്കുന്നു; തിന്മകളെ വാഴിക്കുന്നു. സ്വന്തം രൂപത്തെയും പ്രകൃതത്തെയും പ്രതിബിംബത്തെയും അശുദ്ധമാക്കുന്നു. അധികാരകേന്ദ്രങ്ങളിലും വരേണ്യരിലും ക്രമാധികമായി ബാധിച്ച കലി വരുത്താനിടയുള്ള അപകടസാദ്ധ്യതകളെക്കുറിച്ചു മുന്നറിവ് പകരുകയും, വന്നുഭവിച്ച വിപത്തുകളെക്കുറിച്ച് തിരിച്ചറിവേകുകയുമാണ് മേല്പറഞ്ഞ നളചരിതകൃതികളും തദ്വാരാ, കഥാപാത്രങ്ങളും നിർവഹിക്കുന്ന സാമൂഹികപ്രതിബദ്ധത.

## സഹായകഗ്രന്ഥങ്ങൾ


1. കുഞ്ചൻ നമ്പ്യാർ, കുഞ്ചൻ നമ്പ്യാരുടെ പദ്യകൃതികൾ, ഡി.സി. ബുക്സ്, കോട്ടയം, 2008.
2. കുഞ്ഞിക്കുട്ടൻ തമ്പുരാൻ കൊടുങ്ങല്ലൂര്, ഭാഷാഭാരതം, വോള്യം 1, ഡി.സി. ബുക്സ്, കോട്ടയം, 2017.
3. രാജരാജവർമ്മ ഏ.ആർ., നളചരിതം കാന്താരതാരകം, സാഹിത്യപ്രവർത്തക സഹകരണ സംഘം, കോട്ടയം, 1983.
4. രാമചന്ദ്രൻ നായർ പന്മന, നൈഷധവും നളചരിതം ആട്ടക്കഥയും, കേരളായൂണിവേഴ്സിറ്റി സെൻട്രൽ കോ-ഓപ്പറേറ്റീവ് സ്റ്റോർ പ്രസ്സ്, തിരുവനന്തപുരം, 1987.
5. വേണുഗോപാലൻ പി. (ഡോ.), എഡി., വാല്യം 1, നൂറ്റിയൊന്ന് ആട്ടക്കഥകൾ, സാഹിത്യപ്രവർത്തക സഹകരണസംഘം, കോട്ടയം, 2017.